കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA.Tvm/GP3/1848/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/02/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA.Tvm/GP3/1848/21 തീയ്യതി: 23/02/2022

## തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 19-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2021 | 27-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-11-2021 | 27-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി എം ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി ശോശാമ്മ എസ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ ജി ആർ ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീമതി ബിന്ദുലത ബി പി ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീമതി അമലാ ദേവ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജി റ്റി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| വിഷ്ണു നമ്പൂതിരി | സെക്രട്ടറി | 01-04-2019 | 12-07-2019 |
| ഹരീഷ് കുമാർ | സെക്രട്ടറി | 12-07-2019 | 04-08-2019 |
| എ ഒ അജു | സെക്രട്ടറി | 05-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡയാന ജോസ് | കൃഷി ഓഫീസർ | 19-10-2019 | 31-03-2020 |
| ഡോ വി ശിവസെന്തിൽ കുമാർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ലത എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ ചിന്ത സുകുമാരൻ | മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി | 01-04-2019 | 31-03-2020 |
| സരിത ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| സനൽകുമാർ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഷീജ സി | വി ഇ ഒ | 01-04-2019 | 31-03-2020 |
| ബിന്ദു കെ വി | വി ഇ ഒ | 01-04-2019 | 31-03-2020 |
| ഡോ സലീന കെ ആർ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ഗീത വി എസ് | അസിസ്റ്റൻറ് സെക്രട്ടറി -ഇൻ ചാർജ് | 09-12-2019 | 31-03-2020 |
| ഹരീഷ് കുമാർ എൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: BINDHULATHA BP (Senior Grade Auditor, On 10-12-2021)<br>Last Updated By: Biji T (Computer Assistant, On 13-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: BINDHULATHA BP (Senior Grade Auditor, On 10-12-2021)<br>Last Updated By: Biji T (Computer Assistant, On 18-02-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 10-12-2021)<br>Last Updated By: Biji T (Computer Assistant, On 18-02-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: BINDHULATHA BP (Senior Grade Auditor, On 03-02-2022)<br>Last Updated By: Biji T (Computer Assistant, On 13-02-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: BINDHULATHA BP (Senior Grade Auditor, On 10-12-2021)<br>Last Updated By: Biji T (Computer Assistant, On 15-02-2022) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 15-02-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 18-02-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Amala Dev (Auditor, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 13-02-2022) | 1-8 |
| 9 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Amala Dev (Auditor, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 13-02-2022) | 1-9 |
| 10 | സാംഖ്യ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത<br>Written By: Amala Dev (Auditor, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 13-02-2022) | 1-9-1 |
| 11 | ഉച്ചക്കട പൊതുചന്ത -ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 13-02-2022) | 1-10 |
| 12 | ഷോപ്പിംഗ് കോംപ്ലക്സ്- കടമുറികളുടെ വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 13-02-2022) | 1-11 |
| 13 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 13-02-2022) | 1-12 |
| 14 | FTEAOS ലൈസൻസ് - അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-13 |
| 15 | റേഷൻകടകളിൽ നിന്നും FTEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-14 |
| 16 | ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തി<br>Written By: BINDHULATHA BP (Senior Grade Auditor, On 11-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-15 |

| | | |
|---|---|---|
| 17 | വസ്തുനികുതി അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-16 |
| 18 | വസ്തു നികുതി - മേഖലാ നിർണയത്തിലെ അപാകങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-17 |
| 19 | കെട്ടിട നിർമാണ പെർമിറ്റ് - രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-18 |
| 20 | പി എം എ വൈ വിഹിതം കൈമാറൽ (എസ് സി ) - ഗുണഭോക്താക്കളുടെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-19 |
| 21 | MLAഫണ്ട് വിനിയോഗിച്ച് വാങ്ങിയ ആംബുലൻസ് അസറ്റ രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-20 |
| 22 | അംഗനവാടികൾക്കായി വാങ്ങിയ ഭൂമി അസറ്റ രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-21 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-22 |
| 24 | തെരുവു വിളക്ക് പരിപാലനം -തുടർച്ചയായി മൂന്നാം വർഷം ഒരേയാൾക്ക് കരാർ നല്കിയത് ചട്ട വിരുദ്ധം<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-23 |
| 25 | വക്കീൽ ഫീസ്-ആദായ നികുതി ഈടാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: K Sreeja (Deputy Director, On 23-02-2022) | 1-24 |
| 26 | സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല.<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-25 |
| 27 | കിലയിൽ നിന്ന് തുക തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-26 |
| 28 | അപകടകരമായ മരം മുറിച്ചുമാറ്റൽ-ജനറൽ കമ്മിറ്റി തീരുമാനം നടപ്പിലാക്കുന്നത് ഭാഗികം.<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-27 |
| 29 | മരങ്ങളുടെ വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-28 |
| 30 | ജനന-മരണ-വിവാഹ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-29 |
| 31 | ലാപ്ടോപ്പ് വിതരണം-രേഖകൾ ലഭ്യമല്ല.<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 18-02-2022) | 1-30 |
| 32 | വെള്ളക്കരം-KWA ബില്ലുകളിൽ പൊരുത്തക്കേട്<br>Written By: Lathakumari M (Audit Officer, On 29-11-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-31 |
| 33 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 01-12-2021) | 1-32 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 14-02-2022) | |
| 34 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ ക്യാഷ് ബുക്ക് പരിപാലനം തൃപ്തികരമല്ല.<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-33 |
| 35 | വരവ് - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Asha G R (Senior Grade Auditor, On 01-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-34 |
| 36 | മരാമത്ത് പ്രവൃത്തികൾ - കാലതാമസത്തിന് പിഴ ഈടാക്കിയില്ല<br>Written By: Sosamma.S (Audit Officer, On 11-12-2021)<br>Last Updated By: K Sreeja (Deputy Director, On 23-02-2022) | 1-35 |
| 37 | ബഡ്സ് സ്കൂൾ പ്രവർത്തനം – ചെലവ് വിവരങ്ങൾ ഹാജരാക്കിയില്ല – 53300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 11-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-36 |
| 38 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക് ലഭ്യമായില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 11-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-37 |
| 39 | ചെക്കുകൾ പണമാക്കിയിട്ടില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 11-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-38 |
| 40 | ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂറുകൾ/നിക്ഷേപങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-39 |
| 41 | രജിസ്റ്ററുകളുടെ പരിപാലനം ഫലപ്രദമല്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-40 |
| 42 | കാട്ട് ചെയ്ത നിരക്കിലും അധികമായി തുക അനുവദിച്ചു - 35000/- രൂപ തടസ്സം ചെയ്യുന്നു<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 18-02-2022) | 1-41 |
| 43 | മരുന്നു/ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ പദ്ധതികളിലെ അപാകതകൾ- 5,10,002/- രൂപ തടസ്സം ചെയ്യുന്നു<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 18-02-2022) | 1-42 |
| 44 | കൊതുക്, ചെള്ള് നിയന്ത്രണ പരിപാടി അപാകങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-43 |
| 45 | മാനസിക/ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധികം തുക നൽകി<br>Written By: Sosamma.S (Audit Officer, On 30-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 18-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| | Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: BINDHULATHA BP (Senior Grade Auditor, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 15-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathakumari M (Audit Officer, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 18-02-2022) | 4-9 |
| 10 | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Lathakumari M (Audit Officer, On 13-12-2021)<br>Last Updated By: Biji T (Computer Assistant, On 14-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.03.2019 ലെ തീരുമാനം നം.1 ലൂടെ 17699232/- രൂപ മുന്നിരുപ്പും, 320001706/- രൂപ വരവും, 327449758/- രൂപ ചെലവും, 10251180/- രൂപ നീക്കിയിരുപ്പുമുള്ള ബജറ്റിന് അംഗീകാരം നൽകി.

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ബജറ്റ് തയ്യാറാക്കുന്നതിനു 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിയമം 214 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ഉദാഹരണമായി

1) ബജറ്റ് തയ്യാറാക്കുന്നതിന് ഘടകസ്ഥാപനങ്ങളിൽ നിന്നും നോൺപ്ലാൻ വരവ്, ചെലവുകളുടെ കരട് പ്രപ്പോസൽ സ്വീകരിച്ചിട്ടില്ല.

2) ബജറ്റ് തയ്യാറാക്കുന്നതിന് ക്ഷേമകാര്യ, ആരോഗ്യം വിദ്യാഭ്യാസം, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം കൂടി തീരുമാനങ്ങൾ സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. ബജറ്റിനുള്ളിൽ ചെലവുകൾ നിയന്ത്രിക്കുന്നതിനും, അത്യാവശ്യമുള്ള ചെലവുകൾക്കായി ബജറ്റ് ഭേദഗതി വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിച്ചു കാണുന്നില്ല.

3) വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവ് ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | റസീപ്റ്റ്സ് & പേമെന്റ്സ് പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 220 ഭരണചെലവുകൾ | 3032880 | 2900000 |
| 255 മെയിന്റനൻസ് പ്രോജക്റ്റുകൾ | 12213940 | 9879750 |
| 260 ഗ്രാന്റ്സ്, കോണ്ട്രിബ്യൂഷൻസ്, കോമ്പൻസേഷൻസ് ഫ്രം ഓൺഫണ്ട് | 66000 | 0 |

4) വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവിലും കൂടുതൽ വരവ് ലഭിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇൻകം &എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 130 വാടക | 414900 | 319118 |
| 150 സെയിൽ& ഹയർചാർജ്ജസ് | 465178 | 427000 |
| 171 പലിശ | 839444 | 600000 |
| 180 മറ്റുവരവുകൾ | 13820 | 5000 |

വിവിധ വരവുകളുടെ ഡിമാന്റിലും കുറവാണ് പ്രതീക്ഷിത വരവ്. വാസ്തവത്തിലുള്ള വരവും പ്രതീക്ഷിത വരവും തമ്മിലുള്ള വലിയ അന്തരം യാഥാർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നു. റിവൈസ്ഡ് ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/20.11.2021) വരും സാമ്പത്തിക വർഷങ്ങളിൽ അപാകതകൾ ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വ്യവസ്ഥകൾ പാലിക്കുന്നതിനും, ഗ്രാമപഞ്ചായത്തിന്റെ ശരിയായ വരവു ചെലവുകളെ ആധാരമാക്കി ബജറ്റ് തയ്യാറാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക | വാർഷിക ധനകാര്യ പത്രിക | അപാകത പരിഹരിക്കാൻ തിരിച്ചയച്ച | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | തീയതി | തീയതി |
|---|---|---|---|
| 31.7.2020 | 22.06.2020 | - | - |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല.

3. Stock In Hand (Inventories) മൂല്യം സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2020 ലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

6. ഡിപ്പോസിറ്റുകൾ മുൻവർഷ നീക്കിയിരുപ്പ് B7(989332) + തൻവർഷ വരവ് RP34(322549)-തൻവർഷ ചെലവ് RP34(344353)എന്നത് തൻവർഷ നീക്കിയിരുപ്പുമായി B7 (942528) പൊരുത്തപ്പെടുന്നില്ല.

7. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

8. ഗ്രാമപഞ്ചായത്തിന്റെ വിവിധ തനതു വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അഡ്വാൻസ് കളക്ഷൻ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. വരവ് രജിസ്റ്ററുകളിൽ വരവു വന്ന തുകയുടെ വിശദാംശം മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. വരവ് രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഉദാ-

| വരവിനം | കളക്ഷൻ (രജിസ്റ്റർ പ്രകാരം) | കളക്ഷൻ (എ.എഫ്.എസ്. പ്രകാരം) |
|---|---|---|
| FATEOS ലൈസൻസ് | 296675 | 302950 |
| തൊഴിൽനികുതി (ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻസ്) | 341320 | 484700 |

9 വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശങ്ങൾ സഞ്ചയ, വാർഷിക കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി (തൻ വർഷം)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 8636819 | 6541525 | 2008410 |
| വാർഷിക കണക്കുകൾ പ്രകാരം | 8451212 | 6411119 | 2143588 |

വസ്തുനികുതി (അരിയർ)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 4820159 | 1509817 | 3336583 |
| വാർഷിക കണക്കുകൾ പ്രകാരം | 4300999 | 1674161 | 2121549 |

10. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടെ വരവ്, ചെലവ്, നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 4-1)

| തുക ലഭ്യമാക്കിയ സ്ഥാപനം | മുന്നിരുപ്പ് | തൻവർഷം ലഭ്യമായ തുക | തൻവർഷ ചെലവ് (സുലേഖ പത്രിക പ്രകാരം) | നീക്കിയിരുപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 183592 | - | 483817 | 20400 |
| ബ്ലോക്ക് പഞ്ചായത്ത് | 867192 | 583000 | 497642 | 727175 |

11. I18- Prior Period Income – Property Tax On Non Residential Buildings ഹെഡിൽ 235072/- രൂപ, Prior Period Income – Property Tax On Residential Buildings ഹെഡിൽ 166433/- രൂപ, ബുക്ക് ചെയ്ത് ഡിമാന്റ് കുറവു വരുത്തിയിട്ടുണ്ട്. ഇതിനാധാരമായ രേഖകൾ ലഭ്യമായില്ല.

12. ഡി.സി.ബി. തനത്, ഡി.സി.ബി. സാക്ഷരത എന്നീ അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് ലഭ്യമാക്കിയില്ല. ടി അക്കൗണ്ടുകളുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ.

| | 01.04.2019 ലെ മുന്നിരുപ്പ് | 31.03.2020 ലെ നീക്കിയിരുപ്പ് |
|---|---|---|
| ഡി.സി.ബി. തനത് | 106525 | 1283269 |
| ഡി.സി.ബി. സാക്ഷരത | 6233 | 6233 |

13. ഫിക്സ്ഡ് അസറ്റ് മുൻവർഷ ബാക്കിയും തൻവർഷം ആർജിച്ചതും ചേരുമ്പോൾ തൻവർഷ ആസ്തിയായി പൊരുത്തപ്പെടുന്നില്ല. മുൻവർഷ B11+ തൻവർഷ RP38 എന്നത് തൻവർഷ B11 മായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ

| ഹെഡ് | മുൻവർഷ B11 | തൻവർഷ RP38 | തൻവർഷ B11 |
|---|---|---|---|
| 410300101 റോഡ്സ്- സിമന്റ് കോൺക്രീറ്റ് | 10633978 | 2218978 | 12861672 |
| 410300102 റോഡ്സ് ടാർഡ് | 11975745 | 872751 | 14914174 |
| 410300103 റോഡ്സ് മെറ്റൽ | 13860171 | 390873 | 17349561 |

14. വാർഷിക കണക്കുകൾ പ്രകാരം ഓക്ഷൻ ഡെപ്പോസിറ്റ് RP34 തൻവർഷ ചെലവ് 57000/- രൂപയാണ് ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇത് 82000/- രൂപയാണ്.

15. വാർഷിക കണക്കുകൾ പ്രകാരം ബി11(എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നത് 41846/- ആണ്. എന്നാൽ എ.ഇ. യുടെ സ്റ്റേറ്റ്മെന്റ് ആയി പൊരുത്തപ്പെടുന്നില്ല.

16. എം.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| | മുന്നിരുപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 74978 | 2451910 | 2523395 | 3493 |
| ക്യാഷ് ബുക്ക പ്രകാരം | 74978.75 | 2443909 | 2005884 | 513003.75 |

(ക്യാഷ് ബുക്കിൽ 17.04.2020 തീയതിയിൽ നടത്തിയ 509511/- രൂപയുടെ ചെലവ് 2020 മാർച്ചിൽ തന്നെ എ.എഫ്.എസ്. ൽ ഉൾപ്പെടുത്തിയതു കൊണ്ടുള്ള വ്യത്യാസം)

17. വാർഷിക കണക്കുകൾ ഐ6, ഐ14(എ) പ്രകാരം എം.എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയിട്ടുള്ള തുക 3,06,22,000/- രൂപയാണ്. എം. എൻ.ആർ.ഇ.ജി.എസ് രജിസ്റ്റർ പ്രകാരം ഇത് 32107112/- രൂപയാണ്.

18. വിവിധ ആവശ്യങ്ങൾക്കായി പ്ലാൻ, ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും കുറവു ചെയ്തിട്ടുള്ള തുകയ്ക്ക് ആനുപാതികമായി പ്രോജക്ടുകൾ രൂപീകരിച്ച് ചെലവ് ഉൾക്കൊള്ളിച്ചിട്ടില്ല.

| | ഗ്രാന്റിൽ നിന്നും കുറവു ചെയ്ത തുക | സുലേഖ പ്രകാരമുള്ള ചെലവ് | |
|---|---|---|---|
| അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം | 1401600 | 695000 | വികസനഫണ്ട് (ജനറൽ) |

| | | | |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റിക്കുള്ള കുടിശ്ശിക | 21258 (3543*6) | -- | ജനറൽ പർപ്പസ് ഗ്രാന്റ് |

19. വിതരണം ചെയ്ത് 3 മാസത്തിലധികമായ ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ഉൾപ്പെടുത്തിയിട്ടില്ല. 2018 ഒക്ടോബർ മുതലുള്ള ചെക്കുകൾ മാറിയിട്ടില്ലാത്തതായി രേഖപ്പെടുത്തി തനത് അക്കൗണ്ട് റികൺസിൽ ചെയ്തിരിക്കുന്നു.

20. വാർഷിക കണക്കുകൾ പ്രകാരം ഗുണഭോക്തൃവിഹിതം ചെലവ് 87368/- രൂപയാണ്. സുലേഖ എക്സ്പെന്റിച്ചറിൽ പ്രസ്തുത തുകയുടെ ചെലവ് ഉൾപ്പെടുന്നില്ല.

21. ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുന്നിരുപ്പ് (മുൻവർഷ ബി4) 867192 + വരവ് (തൻ വർഷ ആർപി 31)-583000- ചെലവ് (സുലേഖ) 497642 എന്നത് നീക്കിയിരുപ്പ് (തൻവർഷ ബി4) 727175 മായി പൊരുത്തപ്പെടുന്നില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | കൃ ബിൽ | ലാപ്സായ തുക/ നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22474039 | 22474039 | 22423866** | - | 50173 | 100% * |
| വികസനഫണ്ട് എസ്.സി.പി. | 0 | 9953471 | 9953471 | 6899071 ** | - | 3054400 | 69% * |
| വികസനഫണ്ട് ടി.എസ്.പി. | 0 | 137000 | 137000 | 0 | - | 137000 | - |
| സി.എഫ്.സി. | 0 | 18229494 | 18229494 | 12125747 | - | 6103747 | 67% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 25153000 | 25153000 | 12794979 | - | 12358021 | 51% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7308000 | 7308000 | 4268217 | - | 3039783 | 58% |

* വികസന ഫണ്ട് വരവ് വിവിധ ഉത്തരവുകളിലൂടെ അനുവദിച്ചതിലും കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വികസനഫണ്ട് അലോട്ട്മെന്റ് ആയി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തുക പൂർണ്ണമായും എ.സി.ആർ ൽ ഉൾപ്പെടുത്തുന്നില്ല. ലൈഫ് വായ്പ, മറ്റ് കുടിശ്ശികകൾ എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക കുറച്ചശേഷമുള്ള ആകെ തുകയാണ് അലോട്ട്മെന്റായി ബുക്ക് ചെയ്തിട്ടുള്ളത്. സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവായി ഉൾപ്പെടുത്തുന്നുണ്ട്. ആയതിനാൽ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തപ്പെടുന്നു. വിവിധ സർക്കാർ ഉത്തരവുകളിലൂടെ സർക്കാർ അനുവദിച്ചിട്ടുള്ള തുക ചുവടെ.

| ഫണ്ട് | അനുവദിച്ച ആകെ തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 2,60,11,000 (8670300+8670300+8670400) |

| | |
|---|---|
| വികസനഫണ്ട് എസ്.സി.പി. | 1,00,27,000 (3342300+3342300+3342400) |

** ഗ്രാന്റ് യൂട്ടിലൈസേഷൻ പ്രകാരമുള്ള ചെലവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് / സുലേഖ പ്രകാരം | വാർഷിക കണക്കുകൾ/എ.സി.ആർ. പ്രകാരം |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 22423866 | 20288505 |
| വികസനഫണ്ട് (എസ്.സി.പി.) | 6899071 | 6825542 |

*** കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 302 | 176624870 | 180 | 97747022 | - | | 55 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 74978 | 2451910 | 2526888 | 2523395 | 3493 * |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30622000 | 30622000 | 30622000 | 0 |

* വാർഷിക കണക്കുകളിലെ അപാകതകൾ ഖ 1-2 ക്രമ നം. 16 കാണുക

ഭൂവികസന പ്രവൃത്തികളിലെ അപാകതകൾ

1. എം. ബുക്കിലെ മെഷർമെന്റുകൾ ആധികാരികമല്ല.

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനം, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവു എടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ ആകെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കുന്നതുമാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വിവിധ ഉടമസ്ഥരുടെ ഭൂമികളിൽ നടത്തിയിട്ടുള്ള ഭൂവികസന പ്രവർത്തനങ്ങളിലും ഇപ്രകാരം ആകെ അളവു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/24.11.2021) മസ്റ്റർ റോൾ തീർന്ന് തൊട്ടടുത്തദിവസം തന്നെ മസ്റ്റർ റോൾ കളക്ട് ചെയ്ത് റഫ് മെഷർമെന്റ് രേഖപ്പെടുത്തുന്നതായും, പ്രസ്തുത രേഖകൾ സാങ്കേതിക കാരണങ്ങളാൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കുവാൻ കഴിയുന്നില്ലായെന്നും, ഭാവിയിൽ അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

2.ലഭ്യമായ ഭൂവിസ്തീർണ്ണത്തിലും, അധിക വിസ്തീർണ്ണത്തിൽ ഭൂവികസന പ്രവൃത്തികൾ നിർവഹിച്ചിരിക്കുന്നു.

സോക്ക് പിറ്റ്/മഴക്കുഴി നിർമ്മാണം, അഗ്രികൾച്ചർ നഴ്സറി നിർമ്മാണം തുടങ്ങിയ ഭൂവികസന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി നടന്ന ഭൂമിയുടെ വിവരങ്ങൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതായും, ലഭ്യമായ ഭൂമിയുടെ വിസ്തീർണ്ണത്തിലും അധിക വിസ്തീർണ്ണത്തിൽ പ്രവൃത്തികൾ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂവികസന പ്രവർത്തനങ്ങൾക്കായി ഭൂവുടമസ്ഥർ സമർപ്പിച്ചിട്ടുള്ള അപേക്ഷയോ, അവരുടെ സമ്മതപത്രമോ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി

| പ്രവൃത്തിയുടെ കോഡ് | ചെലവു തുക | എം ബുക്ക് നം | ലഭ്യമായ ഭൂമിയുടെ വിസ്തീർണ്ണം | പ്രവൃത്തി ചെയ്ത വിസ്തീർണ്ണം |
|---|---|---|---|---|
| WC/357711 സോക്ക്പിറ്റ്, മഴക്കുഴി നിർമ്മാണം | 195225 | 212/19-200 | 2803ചമീ | 5515 ചമീ Site Clearance + 1143 ക്യൂ.മീ. Earth Work |
| WC/357712സോക്ക്പിറ്റ്, മഴക്കുഴി നിർമ്മാണം | 198152 | 213/19-20 | രേഖകൾ സൂക്ഷിച്ചിട്ടില്ല | 5515 ചമീ Site Clearance + 1143 ക്യൂ.മീ. Earth Work |
| WC/346473സോക്ക്പിറ്റ്, മഴക്കുഴി നിർമ്മാണം | 191952 | 159/19-20 | രേഖകൾ സൂക്ഷിച്ചിട്ടില്ല | 14847 ചമീ Site Clearance + 814 ക്യൂ.മീ. Earth Work |
| WC/347247സോക്ക്പിറ്റ്, മഴക്കുഴി നിർമ്മാണം | 191365 | 145/19-20 | രേഖകൾ സൂക്ഷിച്ചിട്ടില്ല | 14847 ചമീ - Site Clearance + 812.1 ക്യൂ.മീ. Earth Work |
| DP/262384അഗ്രികൾച്ചർ നഴ്സറി നിർമ്മാണം | 226318 | 120/19-20 | 526 ചമീ | 1110 ചമീ Site Clearance + 1150 ക്യൂ.മീ. Earth Work |
| DP/262368അഗ്രികൾച്ചർ നഴ്സറി നിർമ്മാണം | 237327 | 13/19-20 | രേഖകൾ സൂക്ഷിച്ചിട്ടില്ല | 1110 ചമീ Site Clearance + 1150 ക്യൂ.മീ. Earth Work |
| DP/262554അഗ്രികൾച്ചർ നഴ്സറി നിർമ്മാണം | 225205 | 67/18-19 | രേഖകൾ സൂക്ഷിച്ചിട്ടില്ല | 1110 ചമീ Site Clearance + 1150 ക്യൂ.മീ. Earth Work |

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/24.11.2021) അധിക അളവ്

രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് തുകയിലുമധികമാകാതെയാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഭൂവികസന പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമയുടെ സമ്മതപത്രം, ഭൂമിയുടെ കരം ഒടുക്കിയ രേഖകൾ ഫയലിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

3. സാധന സാമഗ്രികളുടെ വാങ്ങൽ നടപടികളിലെ അപാകങ്ങൾ

മിനിസ്ട്രി ഓഫ് റൂറൽ ഡവലപ്മെന്റ് 29.11.2010 ലെ നം. J-11060/3/2009-MGNREGA കത്തിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി സാധനസാമഗ്രികൾ സമാഹരിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം. 93/2012തസ്വഭവ തീയതി 31.03.2012, സ.ഉ.(കൈ) നം.284/2012തസ്വഭവ തീയതി 03.11.2012 ഉത്തരവുകളിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായുള്ള സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് കേരള സർക്കാരും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർന്ന് സാധന സാമഗ്രികളുടെ സമാഹരണത്തിനായി 2013 ൽ സ്റ്റോർ പർച്ചേസ് മാന്വലും (സ.ഉ. (പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകൾ പ്രകാരം സാധന സാമഗ്രികളുടെ സമാഹരണത്തിനായി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിലേക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചതു സംബന്ധിച്ച രേഖകൾ, ടെണ്ടർ പരസ്യം, പത്രപരസ്യം നൽകിയതു, ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ ഈടാക്കിയതു, കരാർ രേഖകൾ തുടങ്ങിയവ ലഭ്യമായില്ല.

| വർക്ക് കോഡ്, പ്രവൃത്തിയുടെ പേര് | ചെലവ് തുക | എംബുക്ക് നം, പ്രവൃത്തി പൂർത്തീകരിച്ച തീയതി | സാധനസാമഗ്രികളുടെ വിലയായി അനുവദിച്ച തുക, വ്യക്തി | എഫ്.റ്റി.ഒ.നം. |
|---|---|---|---|---|
| 1614001004/RC /274348<br>പയറുംമൂട് അയണികുറ്റിവിള നടപ്പാത കോൺക്രീറ്റിംഗ് | 326771 | 207/19-20<br>18.01.2020 | 259267<br>സുലഭ ആർ | KL1614001004_ 170120FTO_504259 |
| 1614001004/RC /281867<br>തെക്കേതട്ട് പൊതുവഴി സൈഡ് വാൾ നിർമ്മാണവും കോൺക്രീറ്റിംഗ് | 373488 | 2/19-20<br>29.05.2019 | 283730<br>സുലഭ ആർ | KL1614001004_ 060619FTO_90248 |

ലഭ്യമായ രേഖകൾ (ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ്) പ്രകാരം സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിലേക്കായി രണ്ടു കരാറുകാർ 6 മാസക്കാലയളവിലേക്ക് കരാർ വച്ചിരുന്നു- ശ്രീ. ഷിബു കെ.വി. 20.08.2018 ലും, ശ്രീമതി. സുലഭ ആർ 04.03.2020 ലും. പ്രസ്തുത കാലയളവിലുൾപ്പെടാതിരുന്നിട്ടും ശ്രീമതി. സുലഭ ആർ ൽ നിന്നും സാധനങ്ങൾ ശേഖരിച്ച് ടിയാൾക്ക് തുക അനുവദിച്ചു.

സാധനസാമഗ്രികൾക്ക് സപ്ലൈയർക്ക് അനുവദിച്ച തുകയിൽ ജി.എസ്.ടി. കിഴിവ് വരുത്തിയിട്ടില്ല. സാധനസാമഗ്രികളുടെ ബില്ലിൽ ജി.എസ്.ടി. ഉൾപ്പെടുത്തിയിട്ടില്ല. സപ്ലൈയറുടെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകളും ലഭ്യമാക്കിയില്ല.

ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്കു സൂക്ഷിക്കേണ്ടതാണെങ്കിലും, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ പ്രസ്തുത വരവ് ഉൾപ്പെട്ടിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ ടെണ്ടർ ഫോറ വിറ്റു വരവിനത്തിൽ 6490/- രൂപ ലഭ്യമായെങ്കിലും, ഇത് ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൗണ്ടിലാണ് വരവാക്കി ഒടുക്കിയിട്ടുള്ളത്.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/25.11.2021) സപ്ലൈയർക്ക് ജി.എസ്.ടി.

രജിസ്ട്രേഷൻ ഉള്ള സപ്ലൈയറിൽ നിന്നമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത് എന്നും, ജി.എസ്.ടി. കിഴിവ് വരുത്തിയശേഷമാണ് തുക അനുവദിച്ചിട്ടുള്ളത് എന്നും മറുപടി ലഭ്യമാക്കി. എന്നാൽ സപ്ലൈയറുടെ ജി.എസ്.ടി. രജിസ്ട്രേഷൻ രേഖകളോ, ബില്ലിൽ നിന്നും ജി.എസ്.ടി. ഈടാക്കി ഒടുക്കിയതിനുള്ള രേഖകളോ പരിശോധനക്ക് ലഭ്യമായില്ല.

സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിലേക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചതുൾപ്പെടെയുള്ള രേഖകൾ (ടെണ്ടർ, പത്ര പരസ്യങ്ങൾ, കരാർ, ജി.എസ്.ടി. രജിസ്ട്രേഷൻ രേഖകൾ, മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി. ഈടാക്കി ഒടുക്കിയതിനുള്ള രേഖകൾ എന്നിവ) ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 525960 | 562 |
| കർഷകതൊഴിലാളി പെൻഷൻ | 4191000 | 773 |
| വിധവാപെൻഷൻ | 8137800 | 1485 |
| വാർദ്ധക്യകാലപെൻഷൻ | 13017900 | 2425 |
| വികലാംഗപെൻഷൻ | 3354400 | 604 |
| വിവാഹധനസഹായം | 610000 | 20 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 219000 | 40 |

## 1-7 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കൂടുതൽ ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ/ അപാകങ്ങൾ ഉണ്ട്. ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

1. ജനന-മരണ-വിവാഹ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.
2. അസറ്റ് രജിസ്റ്ററിൽ പൂർണ്ണമല്ല.
3. സ്യൂട്ട് രജിസ്റ്റർ പൂർണ്ണമല്ല.
4. തൊഴിൽനികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്മെൻറ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

2. ലേല നിബന്ധനകൾ കൃത്യമായി പാലിക്കുകയോ കുടിശ്ശിക കൃത്യമായി ഈടാക്കുകയോ ചെയ്യാത്തത് തനതുവരുമാന ശോഷണം ഉണ്ടാക്കുന്നു.

3. നികുതി നികുതിയേതര വരുമാനങ്ങൾ ആർജ്ജിക്കുന്നതിൽ ജോലിവിഭജന പ്രകാരം ശരിയായ നടപടിക്രമം പാലിക്കാത്തത് വരുമാനചോർച്ചയും അപാകങ്ങളും സൃഷ്ടിക്കുന്നു.

4. രസീതുകളുടെ കൈകാര്യം, പരിപാലനം എന്നിവയിലെ അപാകങ്ങൾ അടിയന്തിര ശ്രദ്ധ നല്കേണ്ട വിഷയങ്ങളാണ്.

മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2/2020 | 2019-20 | -- |
| അക്കൌണ്ടന്റ് ജനറൽ ഓഡിറ്റ് | 2015 | 2010-15 | 8-7-15 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2021, 2.30 Pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8652/ -രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

23.11.2019 മുതൽ 19.11.2021 വരെയുള്ള രസീതുകളുടെ വരവ്, ഒടുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1. രസീത് ബുക്കുകൾ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

7676, 7679,7690, 20102, 46016, 7670, 7692, 7685, 7689, 20097, 7683, 46022, 20098, 7691, 7688, 7686, 7680, 7681, 7682, 7693, 7694, 20099

2.ലഭ്യമാക്കിയ രസീതു ബുക്കുകൾ പരിശോധിച്ചതിൽ രസീതുകളിൽ കൃത്യമായി തീയതി രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതു ബുക്ക് നമ്പർ /രസീതു നമ്പർ | ഇനം | തുക |
|---|---|---|
| 46003/74 | സ്ഥാപന നികുതി | 590 |
| 46004/61 | സ്ഥാപന നികുതി | 443 |
| 46005/24 | സ്ഥാപന നികുതി | 1892 |

3. റദ്ദ് ചെയ്യാതെ രസീത് ബുക്കിൽ രസീതുകൾ സൂക്ഷിച്ചിരിക്കുന്നു.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രസീതു ബുക്ക് നമ്പർ /രസീതു നമ്പർ |
|---|
| 7676/46 |
| 7683/17 |
| 7683/42 |
| 7683/23 |

4. റദ്ദ് ചെയ്ത ചില രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രസീതു ബുക്ക് നമ്പർ /രസീതു നമ്പർ |
|---|
| 7676/2 |
| 7676/3 |
| 7676/44 |
| 7676/49 |
| 7670/13 |
| 20098/14 |
| 7676/50 |
| 7679/5 |
| 7679/6 |
| 7679/46 |

| |
|---|
| 20098/30 |
| 20098/3 |
| 7679/67 |
| 7690/30 |
| 7690/31 |
| 7690/92 |
| 20098/4 |
| 20098/31 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം 31/ 26.11.2021) അപാകതകൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കി.
7684, 46021, 7675, 46020, 46001 എന്നീ രസീത് ബുക്കുകളുടെ Daily Collection Register ലഭ്യമാക്കിയിട്ടില്ല.
20103,20101, 20100 എന്നീ രസീത് ബുക്കുകൾ ലഭ്യമാക്കിയിട്ടില്ല.

വരും വർഷങ്ങളിൽ രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-9-1 സാംഖ്യ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത

01.04.2019 മുതൽ 30.3.2021 വരെയുള്ള സാംഖ്യ രസീത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. റദ്ദ് ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രസീത് നമ്പർ | തീയതി | ഇനം | തുക |
|---|---|---|---|
| 119030100412 | 3/5/19 | Property Tax | 47 |
| 119030100422 | 3/5/19 | Property Tax | 129 |
| 119030101255 | 21/6/19 | Ownership Change Fee | 628 |
| 119030101984 | 7/8/19 | Property Tax | 593 |
| 119030102070 | 16/8/19 | Property Tax | 35866 |
| 119030104313 | 11/12/19 | Permit Fee For Building Construction | 1257 |
| 119030104463 | 18/12/19 | Permit Fee For Building Construction | 645 |
| 119030104768 | 13/1/2020 | Deposits | 3000 |
| 120030103588 | 6/2/2021 | Permit Fee For Building Construction | 155 |
| 120030103665 | 11/2/21 | Rent On Building | 740 |

മേൽ അപാകത സംബന്ധിച്ച് കൊടുത്ത എൻക്വയറി (23/26.11.2021) യ്ക്ക് അപാകത പരിഹരിച്ചെന്ന മറുപടി ആണ് ലഭിച്ചത്. പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-10 ഉച്ചക്കട പൊതുചന്ത -ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല

2019 ഏപ്രിൽ 1 മുതൽ 2020മാർച്ച് 31 വരെയുള്ള സാമ്പത്തിക വർഷത്തേയ്ക്ക് പഞ്ചായത്തുവക മാർക്കറ്റ്, പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ എന്നിവയിൽ നിന്നും ഫീസ് പിരിവ് നടത്തുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലെ ലേലത്തിന്റെ വിശദാംശം ചുവടെ

| മാർക്കറ്റിന്റെ പേര് | ലേലം സ്ഥിരപ്പെടുത്തി ലഭിച്ച വ്യക്തി | ലേല തുക | കെട്ടിവച്ച നിരതദ്രവ്യം | അടച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| ഉച്ചക്കട മാർക്കറ്റ് | ബിനു ആർ എസ് ആർ എസ് ബി ഹൌസ് പുലിയൂർക്കോണം | 805000 | 25000 | 225000 Rpt No 118030106779/ 29.03.2019 | 29.03.2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ I(1) തീരുമാനം |
| വേങ്ങപ്പൊറ്റ മാർക്കറ്റ് | ജയപ്രകാശ് | 9700 | 2000 | 9543 Rpt No 119030102297/02.09.2019 | 29.03.2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ I(1) തീരുമാനം |
| അവണാകുഴി മാർക്കറ്റ് | രാജീവ് | 50500 | - | 8000 118030106851/30.03.219 | ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല |
| ഉച്ചക്കട മാർക്കറ്റ് (പുനർലേലം ) | ഉമയമ്മ | 253000 | 25000 | 239920 ( വിവിധ രസീതുകൾ) | ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല |

വിവിധ മാർക്കറ്റുകളിൽ നിന്നുള്ള ലേലതുകകൾ നാളിതുവരെ പൂർണമായും അടവാക്കിയിട്ടില്ല. ലേല നിബന്ധനകൾ പ്രകാരം ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തഹസീൽദാരിൽ നിന്നും ലഭിച്ച 1 ലക്ഷം രൂപയുടെ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്നും, സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തവർ ലേലത്തുക റൊക്കം കെട്ടി വയ്ക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നുവെങ്കിലും, ആയവയൊന്നും പാലിക്കപ്പെട്ടിട്ടില്ല. സോൾവൻസിയോ ബാങ്ക് ഗ്യാരണ്ടിയോ വാങ്ങാതിരുന്നതിനാലാണ് പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക യഥാസമയം ഈടാക്കുവാൻ കഴിയാതെ പോയത്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 4) ലഭ്യമായ മറുപടി പ്രകാരം ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ

| മാർക്കറ്റിന്റെ പേര് | ലേലം സ്ഥിരപ്പെടുത്തി ലഭിച്ച വ്യക്തി | ഈടാക്കാൻ ബാക്കിയുള്ള തുക | സ്വീകരിച്ച നടപടിയുടെ വിശദാംശം |
|---|---|---|---|
| ഉച്ചക്കട മാർക്കറ്റ് | ബിനു ആർ എസ് | 244745 | Table Properties242725/- രൂപയ്ക്ക് റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചു ( എ 1/2892/2020 തീയതി 02.07.2019) 2020/- രൂപ ഇ.എം.ഡി യിൽ നിന്നും ഈടാക്കുന്നതാണ്. |
| വേങ്ങപ്പൊറ്റ മാർക്കറ്റ് | ജയപ്രകാശ് | 1903 | ഇ.എം.ഡി യിൽ നിന്നും തുക റീക്ലപ്പ് ചെയ്യുന്നതാണ്. |
| അവണാകുഴി മാർക്കറ്റ് | രാജീവ് | 50150 | എ1/1717/2019 തീയതി 01.04.2020 പ്രകാരം റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചു (ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല) |
| ഉച്ചക്കട മാർക്കറ്റ് (പുനർലേലം ) | ഉമയമ്മ | 42118 | കടിശ്ശിക തുക ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

പഞ്ചായത്തിന് ലഭിക്കേണ്ട തുക അടിയന്തിരമായി പിരിച്ചെടുക്കുകയോ ,അല്ലാത്തപക്ഷം നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയോ ചെയ്യേണ്ടതാണ്.

## 1-11 ഷോപ്പിംഗ് കോംപ്ലക്സ്- കടമുറികളുടെ വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം 2019-20 വർഷം ഉച്ചക്കട ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകയിനത്തിൽ ചുവടെ ചേർക്കും പ്രകാരം കടിശ്ശികയുണ്ട്.

| കടമുറി നം | വാടകക്കാരന്റെ പേര് | കടിശ്ശിക രജിസ്റ്റർ | ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന കത്ത് പ്രകാരം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | പ്രകാരം | | |
| VII | മാധവനാശാരി | 46749 | 94264 | A1/2892/2020 Dated 01.07.2019 |
| III/D | രമണി ബായി | 22497 | 36864 | A1/1717/18 Dated 27.02.2020 |
| III/213H | മാഹീൻ | 4380 | 5632 | A1/1717/18 Dated 27.02.2020 |
| III/214 | രാജമ്മ | 5568 | 6659 | A1/1717/18 Dated 27.02.2020 |
| IX | മാഹീൻ | 3252 | 4181 | A1/1717/18 Dated 27.02.2020 |
| X | സബീന | 2976 | 3826 | A1/1717/18 Dated 27.02.2020 |
| III/213E | ബാൽരാജ് | 4188 | 5207 | A1/1717/18 Dated 27.02.2020 |
| --- | അബ്ദുൾ കരീം മൻസൂർ | 3982 | 63580 | A1/1717/18 Dated 27.02.2020 |
| III Co Operative | അജിത് | 47250 | 16471 | A1/1717/18 Dated 27.02.2020 |

കുടിശ്ശികയിനത്തിലെ തുകകൾ കൃത്യമായി കണക്കാക്കി ആയത് ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും , ഈടാക്കുന്ന തുകയുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. വാടക രജിസ്റ്റർ മതിയായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

(എ)രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

(1)അസ്സസ്മെൻറ് രജിസ്റ്റർ - നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്മെൻറ് രജിസ്റ്റർ 1996-ലെകേരള പഞ്ചായത്തീരാജ്(നികുതിചുമത്തലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ സൂക്ഷിക്കണം. എന്നാൽ സ്ഥാപനത്തിൽ ഇത്തരത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(2)ഡിമാന്റ് രജിസ്റ്റർ-തദ്ദേശസ്വയംഭരണസ്ഥാപനത്തിൻെറ കീഴിൽ തൊഴിൽനികുതി ഈടാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യാപാരികളും കമ്പനികളും വ്യക്തികളും ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 1-ാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2-ാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയ വിവരങ്ങൾ രേഖപ്പെടുത്തി ഹാജരാക്കിയിരിക്കുന്ന രജിസ്റ്റർ പൂർണമല്ല.

(3)കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ - മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കണം. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

(ബി) സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | അവണാകുഴി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 1,2 | 2500 |
| 2 | ആനന്ദം ആയുർവേദിക് സെന്റർ , ചൊവ്വര | 1,2 | 2500 |
| 3 | മരിയനിലയം ആശുപത്രി , അടിമലത്തുറ | 1,2 | 2500 |
| 4 | ട്രാവൻകൂർ ഹെറിറ്റേജ് | 1,2 | 2500 |
| 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 1,2 | 2500 |
| 6 | വിഴിഞ്ഞം ഫാർമേഴ്സ് സഹകരണ സംഘം | 1,2 | 2500 |
| 7 | എസ് ബി ഐ ഉച്ചക്കട | 1,2 | 2500 |
| 8 | TDCB പുന്നക്കുളം | 1,2 | 2500 |
| 9 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ്, ചപ്പാത്ത് | 1,2 | 2500 |
| 10 | മുത്തൂറ്റ് സിന്റിക്കേറ്റ് നിധി ലിമി. പുന്നക്കുളം | 1,2 | 2500 |
| 11 | ഉച്ചക്കട ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 12 | മുത്തൂറ്റ് ഫിൻകോർപ്പ്, വിഴിഞ്ഞം | 1,2 | 2500 |
| 13 | റിലയൻസ് SMSL ലിമിറ്റഡ് | 1,2 | 2500 |
| 14 | ഷിൻസിയ ആയുർവേദിക് റിസോർട്ട് | 1,2 | 2500 |
| 15 | അവണാകുഴി സർവീസ് സഹകരണ ബാങ്ക് | 1,2 | 2500 |
| 16 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, ഉച്ചക്കട | 1,2 | 2500 |

ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അടവാക്കുന്നമുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(സി) തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല

വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച പൂർണമായും വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, വരുമാന പത്രികകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ധനകാര്യപത്രികയിലെ വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഡി) 1-ാം അർദ്ധവർഷം വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വരുമാനപത്രികകളിലും തൊഴിൽ നികുതി അടവാക്കിയ രസീത് നം, തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരുമാന പത്രികയിൽ രേഖപ്പെടുത്തിയിരുന്ന തുക പഞ്ചായത്തിൽ വരവ് വച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

ഇപ്രകാരം രസീത് നം, തീയതി രേഖപ്പെടുത്താത്ത ഏതാനും ചില വരുമാന പത്രികകളിലെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | ദ ട്രാവൻകൂർ ഹെറിറ്റേജ്, ചൊവ്വര | 69420 |
| 2 | ആനന്ദം ആയുർവേദിക് സെന്റർ, ചൊവ്വര | 27400 |
| 3 | ഹോട്ടൽ ഹാർമോണിയ, അടിമലത്തുറ | 22250 |
| 4 | ആയുർബർത്ത് ഹീലിംഗ് സെന്റർ, മുല്ലൂർ | 45050 |
| 5 | ബെയിലീസ് റിസോർട്സ് പ്രൈവറ്റ് ലിമിറ്റഡ് | 72490 |

| | | |
|---|---|---|
| 6 | ആനന്ദലക്ഷ്മി ആയുർവേദിക് സെന്റർ, ചൊവ്വര | 10450 |
| 7 | നിരാമയ റിട്രീറ്റ്സ് പ്രൈവററ് ലിമിറ്റഡ് | 134010 |
| 8 | അഗസ്ത്യടൂറിസം മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | 25750 |

തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 21) മറുപടി ലഭ്യമാക്കിയത് .

1-ാം അർദ്ധവർഷത്തെ മുഴുവൻ പത്രികകളും പരിശോധിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതും അല്ലാത്തപക്ഷം തുക ഈടാക്കി അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. തൊഴിൽ നികുതി രജിസ്റ്ററിൽ മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും (ഗവൺമെന്റ്/സ്വകാര്യം) തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശോധനാ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. തുടർവർഷ ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നതാണ്. അപാകതകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(ഇ) <u>ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി</u>

ഓഡിറ്റിന് ലഭ്യമാക്കിയ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി പത്രികകളിൽ ഉൾപ്പെട്ട ആനന്ദം, ആയുർവേദിക് സെന്റർ, ചൊവ്വര എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിരിക്കുന്നു. മേൽ സ്ഥാപനം ലഭ്യമാക്കിയ വരുമാനപത്രികപ്രകാരമുള്ള തുക, കുറവായി ഈടാക്കിയ തുക തുടങ്ങിയവയുടെ വിശദാംശം ചുവടെ

| ക്രമനം | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | Demand | Collection | Balance |
|---|---|---|---|---|---|
| 1. | രാഖി രവി എൽ ആർ | 77239 | 750 | 600 | 150 |
| 2. | ശിവകുമാർ ബി | 82085 | 750 | 250 | 500 |
| | | | | ആകെ | 650/- |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(എഫ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ചുവടെ പറയുന്ന മിൽക്ക് സൊസൈറ്റികളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | വളവുനട ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 2 | കോട്ടുകാൽ MPCS | 1,2 | 2500 |
| 3 | കുഴിയാവിള ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 4 | ഉച്ചക്കട ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 5 | മുള്ളുവിള ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 6 | കണ്ണറവിള ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 7 | പുത്തൻകട ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 8 | പുല്ലുവിള ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 9 | ചില്ലരിയോട് ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 10 | പോങ്ങുവിള ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 11 | പയറ്റുവിള ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |

സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് (നം 21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥാപനതൊഴിൽ നികുതിയിനത്തിലെ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തൊഴിൽനികുതിയിനത്തിലെ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് സ്ഥാപനരജിസ്റ്റർ കാലികമാക്കി തയാറാക്കേണ്ടതും ചട്ടപ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളിൽ നിന്നും നികതി ഈടാക്കുന്നതിനായ അടിയന്തിര നടപടികൾ കൈക്കൊണ്ട് തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 FTEAOS ലൈസൻസ് - അപാകതകൾ

(എ) ട്രേഡേഴ്സ് രജിസ്റ്റർ തയാറാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 ൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. സഞ്ചയ പത്രിക പ്രകാരം വാണിജ്യാവശ്യത്തിന് നമ്പർ നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും , ലൈസൻസ് ആന്റ് പെർമിഷൻ രജിസ്റ്റർ 2019-20 പ്രകാരം വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും(261) തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പഞ്ചായത്ത് പരിധിയിലെ എല്ലാ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല .

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ (പി).നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017 വിജ്ഞാപനം) പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(സി) 2018-19 വർഷത്തെ ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന 1,2 വാർഡുകളിലെ ചില കെട്ടിടങ്ങളുടെ FTEAOS ലൈസൻസ് 2019-20വർഷം പുതുക്കി നൽകിയിട്ടില്ല.

വിശദാംശം ചുവടെ

| കെട്ടിട നം | ഡി ആന്റ് ഒ ലൈസൻസ് ഉപയോഗം |
|---|---|
| I/509 | സന്തോഷ് കുമാർ, ഫാക്ട് ഡിപ്പോ, പെസ്റ്റിസൈഡ്സ് വിൽക്കുന്നതിന് |
| I/224A | സുനിൽകുമാർ എസ്, പലചരക്ക കട , എസ് ആന്റ് ബി ട്രേഡേഴ്സ് |
| I/298 | ശ്രീകുമാർ, സ്റ്റോർ, അച്ചു സ്റ്റോർസ് |
| I/579(A) | അരുൺമുരളീധരൻ,ടൂവീലർ ആക്സസറീസ് |
| I/23A | എൻ മധു, ശ്രീകുമാരൻ സ്റ്റോർസ് |
| I/182 | റ്റി സെൽവരാജ്, അഖിൽ ഫർണിച്ചർ |
| I/186 | സുരേന്ദ്രൻ എസ് , എസ് എസ് ട്രേഡേഴ്സ് |
| II/100(B) | ജോൺസൺ, തടി കടച്ചിൽ വർക്ക്സ് |
| II/16 | അക്ഷര, ബേക്കറി |

| | |
|---|---|
| II/614 | സി സരോജം, കൃഷ്ണ സ്റ്റോർസ്. |
| II/592(B) | ഭാസ്കരൻ, ഭാസ്കരൻ സ്റ്റോർസ് |
| II/592 | ശാന്തകുമാരി, സർബത്ത് കട |
| II/170 | പൊൻരാജ്, ചപ്പാത്തികട |

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും അപ്രകാരം മുൻവർഷത്തെ ഫീസ് കൂടി ഈടാക്കി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന്( നം 10) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്. നിലവില്ലാത്തതും പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയതുമായ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-14 റേഷൻകടകളിൽ നിന്നും FTEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ് ).എ-9-764/19 ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ വാർഡുകളിലായി 20 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കുന്നില്ല. മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും FTEAOS ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി, ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുവാൻ വേണ്ടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അവശ്യം വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വസ്തുനികുതി ഡിമാന്റിൽ കുറവു വരുത്തി

I18- Prior Period Income – Property Tax On Non Residential Buildings ഹെഡിൽ 235072/- രൂപയും, Prior Period Income – Property Tax On Residential Buildings ഹെഡിൽ 166433/- രൂപയും ബുക്ക് ചെയ്ത് ഡിമാന്റ് കുറവു വരുത്തിയിട്ടുണ്ട്. ഇതിനാധാരമായ രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/20.11.2021) മറുപടി ലഭ്യമാക്കിയില്ല. ഡിമാന്റ് തുക കുറവു ചെയ്യുന്നതിനുള്ള കാരണം വ്യക്തമല്ല. ഇതിലേക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ നൽകിയതിനുള്ള രേഖകളും ലഭ്യമായില്ല. നികുതി തുക കുറവുചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി അപാകതകൾ

വസ്തുനികുതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയർ, ബന്ധപ്പെട്ട അപേക്ഷകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) വാണിജ്യ കെട്ടിടത്തിന് തെറ്റായ നികുതി നിർണയം നടത്തി

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കുറവ് വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തെ 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്തിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര്, വിലാസം | ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|

| | | | |
|---|---|---|---|
| 19/139E | ശിവദാസ്, തേരിവിള കണ്ണമറ്റത്ത് വീട് | ഷോപ്പുകൾ | 11.88 ച.മീ |

ഗ്രാമപഞ്ചായത്തിലെ 100 ച. മീറ്ററിൽ കുറവ് വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 40/- രൂപയായിരിക്കെ ച.മീറ്ററിന് 70/- രൂപ നിരക്കിലാണ് മേൽ കെട്ടിത്തിന് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്.

മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിലെ താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നം | സ്ഥാപനം | കെട്ടിട നം | കുടിശ്ശിക | കാലയളവ് |
|---|---|---|---|---|
| 1 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 11/348A | 11550 | 2019 I,II അർദ്ധവർഷം |

കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(സി) വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ്- രേഖകൾ ലഭ്യമാക്കിയില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം ആകെ 108 കെട്ടിടങ്ങൾക്കാണ് ഈയിനത്തിൽ നികുതി ഇളവ് നൽകിയിരിക്കുന്നത്. എന്നാൽ മേൽ പരാമർശിച്ച രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവയൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മതിയായ രേഖകൾ ഹാജരാക്കുന്ന അർഹരായവർക്കുമാത്രം വസ്തു നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഡി) സത്യവാങ്മൂലം - കെട്ടിട നികുതിയിളവ്

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. സഞ്ചയസോഫ്റ്റ് വെയറിൽ വാർഡ് 15(ഓഫീസ് വാർഡ്) ലെ സപ്ലിമെന്ററി അസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 15/457A | കെ പൊന്നമ്മ(മുളക്കൽ മേലെ പുത്തൻവീട്, |
| 2 | 15/217C | രാജേന്ദ്രൻ(രാഘതം വില്ല്,മേലെചാലത്തോട്ടം കോട്ടുകാൽ) |
| 3 | 15/667A | ലീലാംബിക(തേക്കെപുളിയറത്തല വീട്,മരുതൂർക്കോണം കോട്ടുകാൽ) |
| 4 | 15/449A | ശാന്തകമാരി എസ്(ചിന്നൻവിള കോളനി,പുന്നക്കുളം |
| 5 | 15/42C | കൃഷ്ണൻ നാടാർ(ഉദയ ഭവൻ,ഉണ്ടുവിള, റോഡരികത്തു വീട്, പയറുംമൂട് |
| 6 | 566/A | രമണി(പുനക്കാട്ടുവിളപുത്തൻവീട്,പുന്നക്കുളം, |

എന്നാൽ പ്രസ്തുത കെട്ടിട ഉടമകൾ ഇപ്രകാരമുള്ള സത്യവാങ്മൂലം സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

(ജി) കെട്ടിടത്തിന്റെ നികുതി ഒഴിവാക്കിയ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല

ശ്രീകുമാർ, ശ്രീനന്ദനം, മന്നോട്ടുകോണം (I/344 A) എന്നയാളുടെ കെട്ടിടത്തിന് സഞ്ചയ പ്രകാരം നികുതി ഒഴിവാക്കുകയോ പ്രസ്തുത കെട്ടിടത്തിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല

(എഫ്) റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2019-20 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ അടവാക്കിയ തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകളിലെ തുകകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Receipt No | Date |
|---|---|---|---|---|
| 1 | 15 | 720C | 119030104779 | 14.01.20 |
| 2 | 15 | 720D | 119030104780 | 14.01.20 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24 ന് ലഭ്യമായ മറുപടിയിൽ സോഫ്റ്റ്‌വെയർ അപാകതയ്ക്ക് ഐ.കെ.എം.ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. ഇപ്രകാരം സഞ്ചയയിൽ കുറവ് വരുത്താത്തതിനാൽ തുടർ വർഷങ്ങളിലെ ഡിമാന്റിലും കളക്ഷനിലും ടി തുക കുറവായി ഈടാക്കപ്പെടുന്നു. അതുവഴി വരുമാനനഷ്ടവും സംഭവിക്കുന്നു. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ജി) പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.

2011 -ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിലെ ഏതാനും അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ഉപയോഗ ക്രമം | ലൈസൻസ് അപേക്ഷകന്റെ പേര് |
|---|---|---|---|---|
| 1 | IV/414C | സുരേഷ് ജി | പാർപ്പിടം | സുലോചന ബി, പാഥേയം പദ്ധതി |
| 2 | I/366C | എ വിശ്വനാഥൻ ആചാരി, വി പി ഭവൻ മന്നോട്ടുകോണം | നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടം | മുരുകൻ വി, വി പി ഫർണിച്ചർ |
| 3 | I/161 | ലിവിങ്സ്റ്റൺ | പാർപ്പിടം | ലാലി എസ്, സ്റ്റിച്ചിംഗ് ആന്റ് റെഡിമെയ്ഡ് |
| 4 | II/161 | ശിവാനന്ദൻ എ | പാർപ്പിടം | ശ്രീ ഷിബു പി, മൊബൈൽ സ്റ്റോർ |

പ്രസ്തുത കെട്ടിടങ്ങൾ ഒക്യുപ്പൻസി ചേഞ്ച് ചെയ്തുവരുന്ന മുറയ്ക്ക് മാത്രമേ ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയുള്ളുവെന്ന് ഓഡിറ്റ് അന്വേഷണത്തിന് ( നം 10) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ടി കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വസ്തു നികുതി - മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(എ) മേഖല അടിസ്ഥാനത്തിൽ ഭൂപടം തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(ബി) ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല

ഗ്രാമ പഞ്ചായത്തിൽ ഒരു പ്രദേശത്തെ കെട്ടിടങ്ങൾക്ക് സഞ്ചയ പ്രകാരം വ്യത്യസ്ത മേഖലാ നിർണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | പ്രദേശം | മേഖല | വഴി സൗകര്യം |
|---|---|---|---|---|---|
| 1 | 3/110 B | കവിതകുമാരി വി | മണ്ണക്കല്ല് | പ്രഥമം | ഇടത്തേക്കോണം ക്ഷേത്രനട പ്ലാവിള ചരുവിള ചാനൽ ബണ്ട് |
| 2 | 3/127 B | ബിന്ദു പി & അനുശ്രീ സി | | ദ്വിതീയം | |
| 3 | 3/129 C | സുരേന്ദ്രൻ &ചന്ദ്രിക | | ത്രിതീയം | |
| 4 | 3/230 0B | കെ.സുശീലൻ | | പ്രഥമം | |
| 5 | 3/201 A | ഡോ വിനോദ് എസ് | മണ്ണക്കല്ല് | ദ്വിതീയം | ഇടത്തേക്കോണം മണ്ണാംത്തോട്ടം റോഡ് |
| 6 | 3/216 A | ലീല സി | | പ്രഥമം | |
| 7 | 3/224 A | ഷിബുകുമാർ | മണ്ണക്കല്ല് | ദ്വിതീയം | മണ്ണക്കല്ല് ചരുവിള ചാനൽ ബണ്ട്പൊതുവഴി |
| 8 | 3/344 B | ശാലിനി | | ത്രിതീയം | |
| 9 | 3/257 A | സനിൽ ആർ റ്റി | മണ്ണക്കല്ല് | പ്രഥമം | മണ്ണക്കല്ല കിണറ്റിൻകര ചരുവിള ചാനൽ ബണ്ട് റോഡ് |
| 10 | 3/330 C | സെബി.പി | | ദ്വിതീയം | |
| 11 | 10/526 B | സിൽവദാസൻ | അടിമലതത്തുറ | ദ്വിതീയം | അടിമലത്തുറ കുരിശടി ബീച്ച് റോഡ് |
| 12 | 10/381 A | ആൻറണി ഔസേപ്പ് | | പ്രഥമം | |

| | | | | |
|---|---|---|---|---|
| 13 | 10/644 A | ജയൻ പി , ബീന ഷൈനി | | ത്രിതീയം |
| 14 | 10/642 A | ഔസേപ്പ് | | ദ്വിതീയം |
| 15 | 10/437 C | റിച്ചാർഡ് നിർമ്മല | | ത്രിതീയം |
| 16 | 10/142 N | സോഫി | | പ്രഥമം |
| 17 | 10/311 A | അംബ്രോസ് | | ത്രിതീയം |

ശ്രദ്ധക്കുറവ് മൂലം സംഭവിച്ച ടി പിശക് അടിയന്തിരമായി തന്നെ ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി ക്രമവത്ക്കരിക്കുന്നതാണെന്ന് അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 32) മറുപടി ലഭ്യമാക്കി.

മേഖലാ നിർണയത്തിലെ അപാകതകൾ പരിഹരിച്ച്, കെട്ടിടങ്ങളുടെ നികുതി പുനർനിർണയിച്ച്, ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 കെട്ടിട നിർമാണ പെർമിറ്റ് - രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ കുറവ്

02.12.2015 ലെ സർക്കുലർ നം. 12900/ആർ/2015/തസ്വഭവ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിങ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയവ ഒറ്റഫയലായി ക്രമീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നികുതി നിർണ്ണയം വരെയുള്ള രേഖകൾ ഒരുമിച്ച് സൂക്ഷിച്ചിട്ടില്ല.

പെർമിറ്റ് എടുത്ത് നിർമ്മാണം പൂർത്തിയാക്കിയശേഷം നമ്പറിംഗിനുള്ള അപേക്ഷകൾ ലഭ്യമാകുമ്പോൾ അധിക നിർമ്മാണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കുന്നതിൽ കുറവ് വരുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | അപേക്ഷകൻ | പെർമിറ്റ് നം, പെർമിറ്റ് നൽകിയ പ്ലിന്ത് ഏരിയ | പൂർത്തിയാക്കിയ പ്ലിന്ത് ഏരിയ | ഈടാക്കിയ രാജിയാക്കൽ ഫീസ് | ഈടാക്കേണ്ടിയിരുന്ന രാജിയാക്കൽ ഫീസ് | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| XIV/542B | ഷാജി യു ശിവഗംഗ | A3/1657/2019 Dated 02.03.2019<br>163.2 SQm | 172.13 Sqm | 9*3*3=81 | 9*5*3=135 | 54 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല.

കുറവായി ഈടാക്കിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പി എം എ വൈ വിഹിതം കൈമാറൽ (എസ് സി ) - ഗുണഭോക്താക്കളുടെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല

പി എം എ വൈ വിഹിതം കൈമാറൽ എന്ന പ്രോജക്ടിനായി വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം 2 പ്രോജക്ടുകൾ രൂപീകരിച്ച് തുക അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് ( SBIN0007622- അക്കൌണ്ട് നം 32816976591) കൈമാറിയിരിക്കുന്നു. വിശദാംശം ചുവടെ

| പ്രോജക്ടിന്റെ പേര്, നം | അടങ്കൽ | ചെലവ് | ബിൽ നം , തീയതി | നിർവഹണ ഉദ്യോഗസ്ഥ |
|---|---|---|---|---|
| പി എം എ വൈ വിഹിതം കൈമാറൽ (എസ് സി ) ,30/2020 | 107000 ( വികസന ഫണ്ട് എസ് സി പി) | 107000 | 1/28.06.2019 | വി ഇ ഒ (നോർത്ത് സർക്കിൾ) |

| | | | | |
|---|---|---|---|---|
| പി എം എ വൈ (ജി) വിഹിതം കൈമാറൽ , 36/2020 | 1500000 ( വികസന ഫണ്ട് ജനറൽ) | 1500000 | 1/17.08.2019 | വി ഇ ഒ (സൌത്ത് സർക്കിൾ) |

സ.ഉ (കൈ) നം 11/2018തസ്വഭവ തീയതി 29.02.2018 പ്രകാരം പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള വീട്ടുകൾക്ക് വേണ്ടിവരുന്ന അധിക തുക ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 അനുപാതത്തിൽ വകയിരുത്തണം. എന്നാൽ ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിഹിതം കണക്കാക്കിയതിന്റെ വിശദാംശങ്ങൾ, പ്രോജക്ടിന്റെ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ, ഗുണഭോക്താക്കളുടെ എണ്ണം , തൻവർഷം ആനുകൂല്യം ലഭ്യമായവരുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാണെന്നാണ് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 35) മറുപടി ലഭ്യമാക്കിയിട്ടുള്ളത് .

## 1-20 MLAഫണ്ട് വിനിയോഗിച്ച് വാങ്ങിയ ആംബുലൻസ് അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല

കോട്ടുകാൽ ഗ്രാമപഞ്ചായത്തിന് MLAഫണ്ടിൽ നിന്ന് അനുവദിച്ചു കിട്ടിയ ആംബുലൻസ്,ഉചിതമായ കരാർ ചമച്ച ശേഷം മെഡിക്കൽ ഓഫീസർ ( PHC) ക്ക് കൈമാറാൻ 17/5/19 ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്(നം1-28). അപ്രകാരം വച്ച കരാറും, ടി ആംബുലൻസ് അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാൻ അവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം14). മറുപടി നൽകിയില്ല. കൂടാതെ ആംബുലൻസ് വരുമാനം സംബന്ധിച്ച നിയമാവലി ഓഡിറ്റിനു ലഭ്യമാക്കിയിട്ടുമില്ല.

## 1-21 അംഗനവാടികൾക്കായി വാങ്ങിയ ഭൂമി അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല

1. ജനറൽ കമ്മിറ്റിയുടെ 28-5-19 ലെ തീരുമാനം നം 3-1 പ്രകാരം കൊല്ലംകോണം വാർഡിൽ 66ാം നം അംഗനവാടിക്ക് ദാനയാധാരം മുഖേന കിട്ടിയ ഭൂമി അസറ്റ് രജിസ്റ്ററിൽ ചേർക്കാൻ തീരുമാനിച്ചിട്ടിട്ടുണ്ട്.

2.2018-19 വർഷം,389/19/SRO Venganoor,തീയതി14/3/19പ്രകാരം അംഗനവാടിക്കായി വാങ്ങിയ ഭൂമി, ജനറൽ കമ്മിറ്റിയുടെ 13-8-19 ലെ തീരുമാനം നം 13-1 പ്രകാരം അസറ്റ് രജിസ്റ്ററിൽ ചേർക്കാൻ തീരുമാനിച്ചിട്ടിട്ടുണ്ട്.

ജനറൽ കമ്മിറ്റിയുടെ 4-3-20 ലെ തീരുമാനം നം 3-1 പ്രകാരം, പുളിങ്കുടി ഏ.ആർ ക്യാമ്പിലെ റോഡ് അസറ്റ് രജിസ്റ്ററിൽ ചേർക്കാൻ തീരുമാനിച്ചിട്ടിട്ടുണ്ട്.

എന്നാൽ ടി വസ്തുക്കൾ നാളിതു വരെ പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി.നം.16.)

അസറ്റ് രജിസിറ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. KSEB ചെയ്ത പ്രവൃത്തിക്ക് നിർവ്വഹണ ഏജൻസികളുമായി ഒപ്പ് വച്ച കരാർ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് എൻക്വയറിക്ക് നം.17

| ക്രമ.നം | പ്രോജക്ട് നം | പ്രവൃത്തി | നിർവ്വഹണ ഏജൻസി. | തുക.(രൂ) | ബിൽ നം,തീയതി |
|---|---|---|---|---|---|
| 1 | 190 | ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | KSEB | 133944 | 40,53,/7-11-19 |
| 2 | 86 | ഇലക്ട്റിക്കൽ പോസ്റ്റ് മാറ്റൽ | KSEB | 282854 | 26,28,31,33/8-9-19 |
| 3 | 204 | ഇലക്ട്റിക്കൽ ലൈൻ നീട്ടൽ | KSEB | 7478 | 13/19-7-19 |
| 4 | 3 | ഇലക്ട്റിക്കൽലൈൻ നീട്ടൽ | KSEB | 1460640 | 11,12/19-7-19 |

| | | | | | |
|---|---|---|---|---|---|
| 5 | 2 | പൈപ്പ് ലൈൻ നീട്ടൽ | KWA | 126000 | 30/8-9-19 |
| 6 | 199 | പൈപ്പ് ലൈൻ നീട്ടൽ | KWA | 222946 | 30/8-9-19 |
| 7 | 201 | പൈപ്പ് ലൈൻ നീട്ടൽ | KWA | 19940 | 10/19-7-19 |
| 8 | 6 | SSA വിഹിതം(ജനറൽ) | SSA | 1000000 | 19,20,21/7-8-19 |
| 9 | 8 | SSA വിഹിതം(SC) | SSA | 50000 | 22/7-8-19 |

0.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് പരിപാലനം -തുടർച്ചയായി മൂന്നാം വർഷം ഒരേയാൾക്ക് കരാർ നല്കിയത് ചട്ട വിരുദ്ധം

പ്രോജക്ട് നം.9/19-20

പ്രോജക്റ്റിന്റെ പേര്-തെരുവ് വിളക്ക് പരിപാലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി.

മേൽ പദ്ധതി പ്രകാരം തെരുവ് വിളക്ക് പരിപാലനത്തിനായി വിവിധ ബില്ലുകളിലായി 942851/- രൂപ ശ്രീ.പ്രതീഷ് എന്ന വ്യക്തിക്കു നൽകിയിട്ടുണ്ട്. 2017-18 മുതൽ തുടർച്ചയായി മൂന്നാം വർഷവും ടിയാന് കരാർ നല്കിയ കമ്മിറ്റി തീരുമാനത്തിൽ (നം12-1), ടിയാൻ 2017-18 ൽ KSEB നിരക്കിനേക്കാൾ 15.5% കുറഞ്ഞ നിരക്കിലാണ് കരാർ ഉറപ്പിച്ചതെന്നും,തൻവർഷവും അതേ നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറായതിനാൽ ടിയാനു തന്നെ കരാർ നല്കുന്നത് ലാഭകരമാണെന്നും പറയുന്നു. കരാറുകാരൻ സമർപ്പിച്ച വിവിധ ബില്ലുകളിലും, KSEB നിരക്കിനേക്കാൾ 15.5% കുറഞ്ഞ നിരക്ക് എന്ന രീതിയിലാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. PWD മാനുവൽ പ്രകാരം ഒരു ലക്ഷം രൂപയിൽ അധികരിക്കുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നടപടി സ്വീകരിക്കണം എന്ന് നിഷ്കർഷിക്കുന്നു. തൻവർഷം ടെണ്ടർ നടപടി സ്വീകരിച്ചാൽ മറ്റാരും തന്നെ മേല്പറഞ്ഞ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ടു ചെയ്യാൻ സാധ്യതയില്ല എന്ന നിഗമനത്തിൽ ജനറൽ കമ്മിറ്റി എത്തിച്ചേർന്നത് എന്തടിസ്ഥാനത്തിലാണ് എന്നും വ്യക്തമല്ല. അതിനാൽ ടെണ്ടർ നടപടി സ്വീകരിക്കാതെ തുടർച്ചയായി മൂന്നാം വർഷം ഒരേയാൾക്ക് കരാർ നല്കിയത് ചട്ട വിരുദ്ധമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-24 വക്കീൽ ഫീസ്-ആദായ നികുതി ഈടാക്കിയില്ല.

പഞ്ചായത്തിന് കേരള ഹൈക്കോടതിയിൽ ഉള്ള അഞ്ചു കേസുകൾക്കായി, അഡ്വ.സ്വാതി കുമാറിന് താഴെപറയും വിധം ഫീസ് നല്കിയിട്ടുണ്ട്.

| ക്രമ നം | കേസ് നം | തുക | വൌച്ചർ നം |
|---|---|---|---|
| 1 | WPC(C)25460/18 | 15000 | 21901039/25-1-20 |
| 2 | WPC(C)27752/18 | 15000 | ടി |
| 3 | WPC(C)40847/18 | 15000 | ടി |

| | | | |
|---|---|---|---|
| 4 | WPC(C)30751/18 | 15000 | ടി |
| 5 | WPC(C)39306/18 | 15000 | ടി |

ആദായ നികുതി നിയമം സെക്ഷൻ 194(J) പ്രകാരം 30000/- രൂപയിൽ കൂടുതൽ വക്കീൽ ഫീസ് നല്കുന്ന വേളയിൽ 10% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. ഇവിടെ അപ്രകാരം ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി 14 ) ടി ആദായ നികുതി ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

## 1-25 സ്യൂട്ട് രജിസ്റ്റർ പൂർണ്ണമല്ല.

കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽ ഹൈക്കോടതിയിൽ മാത്രം പതിമൂന്ന് കേസ് നിലവിലുള്ളതായി, ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. കീഴ്ക്കോടതികളിലും കേസുകൾ നിലവിലുണ്ട്. എന്നാൽ സ്യൂട്ട് രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. ടി രജിസ്റ്റർ എല്ലാ കോളവും പൂരിപ്പിച്ച്, കാലികമാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-26 കിലയിൽ നിന്ന് തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

വൌച്ചർ നം219011200, തീയതി 19-2-20 പ്രകാരം, ദുരന്ത നിവാരണ പരിശീലന പരിപാടിക്കായി രൂ 22610/- ചെലവഴിച്ചു. ടി തുക തനതു ഫണ്ടിൽ നിന്ന് നൽകാനും, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി, ടി തുക കിലയിൽ നിന്ന് ലഭ്യമാക്കാനും തീരുമാനിച്ചിട്ടുള്ളതായി വൌച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നു. ടി തുക കിലയിൽ നിന്ന് ലഭ്യമാക്കിയതിന്റെ വിവരം (ഓഡിറ്റ് എൻക്വയറി നം.46) ലഭ്യമാക്കേണ്ടതാണ്.

## 1-27 അപകടകരമായ മരം മുറിച്ചുമാറ്റൽ-ജനറൽ കമ്മിറ്റി തീരുമാനം നടപ്പിലാക്കുന്നത് ഭാഗികം.

ജനറൽ കമ്മിറ്റിയുടെ വിവിധ യോഗങ്ങളുടെ മിനിട്ട്സ് പരിശോധിച്ചതിൽ പല വാർഡുകളിലായി വിവിധ വ്യക്തികൾ തങ്ങളുടെ അയൽപക്കത്തുള്ള പുരയിടത്തിലെ അപകടകരമായ മരം സംബന്ധിച്ച് നല്കിയ പരാതി ജനറൽ കമ്മിറ്റിയുടെ വിവിധ യോഗങ്ങളിൽ പരിഗണിച്ചിട്ടുണ്ട്.

ടി മരം മുറിച്ചുമാറ്റുന്നതിന് ഉടമസ്ഥന് നിർദ്ദേശം നല്കിയിട്ടും ആയത് മാനിക്കപ്പെടാത്തതിനാൽ പഞ്ചായത്തു ചെലവിൽ ആയവ മുറിച്ചുമാറ്റാനും, അതിനുള്ള ചെലവു തുക ഉടമസ്ഥനിൽ നിന്ന് ഈടാക്കാനും തീരുമാനിച്ചിട്ടുണ്ടെന്ന് ജനറൽ കമ്മിറ്റിയുടെ വിവിധ യോഗങ്ങളുടെ മിനിട്ട്സ് പരിശോധിച്ചതിൽ കാണുന്നു. എന്നാൽ ഉടമസ്ഥനിൽ നിന്ന് ചെലവു തുക ഈടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നം11.) ഈ രീതിയിൽ ജനറൽ കമ്മിറ്റിയുടെ തീരുമാനങ്ങൾ ഭാഗികമായി മാത്രം നടപ്പിലാക്കുന്നത്, ടി തീരുമാനങ്ങളുടെ ഗൌരവം ചോർത്തിക്കളയാനും, തെറ്റായ കീഴ്വഴക്കങ്ങൾ ഉണ്ടാകാനും കാരണമാകുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## 1-28 മരങ്ങളുടെ വിനിയോഗ വിവരം ലഭ്യമല്ല.

ജനറൽ കമ്മിറ്റിയുടെ വിവിധ തീരുമാന പ്രകാരം, മുറിച്ചു മാറ്റപ്പെട്ട മരങ്ങൾ വാല്യവേഷൻ എടുക്കാൻ തീരുമാനിച്ചുവെങ്കിലും, ടി തീരുമാനം നടപ്പിലായതിന്റെ വിശദാംശമോ, ടി മരങ്ങളുടെ വിനിയോഗ വിവരമോ ലഭ്യമല്ല. ടി മരങ്ങൾ മുറിച്ചുമാറ്റാൻ വൌച്ചറുകൾ പ്രകാരം തുക ചെലവഴിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക്(നം32) മറുപടി കിട്ടിയത്. ടി മരങ്ങളുടെ വാല്യവേഷൻ എടുക്കാൻ നിർദ്ദേശിച്ച് തീരുമാനം എടുത്തുവെങ്കിലും ആയതു നടപ്പാക്കിയിട്ടില്ല.

| ക്രമ നം | ജനറൽ കമ്മിറ്റി തീരുമാനം നം,തീയതി. | വിശദാംശം |
|---|---|---|
| 1 | 20(5)/23-10-19 | ശ്രീനാരായണ പുരം വാർഡിലെ കടപുഴകിയ പുളിമരം. |
| 2 | 15(6)/23-10-19 | DVLPS മുറ്റത്തെ അരശുമരം |
| 3 | 12(1)/23-11-19 | കൊല്ലംകോണംവാർഡിൽ മുറിച്ചുമാറ്റിയപീലിവാകമരം |

കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടി വിവരവും, ടി മരങ്ങളുടെ വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-29 ജനന-മരണ-വിവാഹ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 2019-20 വർഷം The Registration Birth And Death Rules-1999, റൂൾ 12 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള Birth Register(Form-7),Death Register(Form-7), എന്നിവയും, Registration Of Marriages(common)Rules,റൂൾ 8 പ്രകാരമുള്ള Marriage Register എന്നിവയും പരിപാലിച്ചിട്ടില്ല. ആയതു ഗുരുതരമായ വീഴ്ചയാണ്. ജനന,മരണ,വിവാഹ

രജിസ്ട്രേഷനുള്ള അപേക്ഷകളും, തുടർനടപടി ഫയലുകളും മാത്രമാണ് ഓഡിറ്റിനു ലഭ്യമാക്കിയത്. ടി ഫയലുകൾ, അതതു വർഷം ബൈന്റ് ചെയ്ത് സൂക്ഷിക്കുന്നതാണ് പതിവെന്നും, തൻവർഷം കോവിഡ് കാരണം, ബൈന്റ് ചെയ്ത് സൂക്ഷിക്കാൻ സാധിച്ചില്ലെന്നും, ഓഡിറ്റ് എൻക്വയറിക്ക്(നം42) മറുപടി കിട്ടി. നിയമപരമായി അതീവപ്രാധാന്യമുള്ളതും, ദീർഘകാലം സൂക്ഷിച്ച വയ്ക്കേണ്ടതുമായ ടി രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-30 ലാപ്ടോപ്പ് വിതരണം-രേഖകൾ ലഭ്യമല്ല.

പ്രോജക്ട് നം.94/19-20

പ്രോജക്ടിന്റെ പേര്-പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്.

നിർവ്വഹണ ഉദ്യോഗസ്ഥ- ഹെഡ്മിസ്ട്രസ്,

ചെലവു തുക-467313/-( ബീൽ നം.2/19-20)

ഫണ്ടിനം-എസ്.സി.പി

മേൽ പ്രോജക്ട് പ്രകാരം, 17 വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ് വിതരണം ചെയ്തിട്ടുള്ളത്. ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1.അംഗീകൃത പ്രോജക്ട്,ട്രഷറി ബില്ലിന്റെ പകർപ്പ് എന്നിവ ഫയലിൽ ഇല്ല.

2.17 ഗുണഭോക്താക്കളുടെ പൂരിപ്പിച്ച അപേക്ഷാ ഫോമുകളും, അനുബന്ധ രേഖകളും മാത്രമേ ഫയലിലുള്ളൂ .ടി വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ലാപ്ടോപ് കിട്ടിയില്ല എന്ന തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമല്ല.

3.കെൽട്രോണിൽ നിന്നുള്ള ഇൻവോയ്സ്, ലാപ്ടോപ്പുകൾ ലഭ്യമാക്കിയതിന്റെ ബില്ല്, ആയവ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമല്ല.

4.വിദ്യാർത്ഥികൾ ലാപ്ടോപ്പുകൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റു രസീത് ലഭ്യമല്ല.
മേല്പറഞ്ഞ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.41 ന് മറുപടി ലഭ്യമാക്കിയില്ല. അടിയന്തിരമായി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 വെള്ളക്കരം-KWA ബില്ലുകളിൽ പൊരുത്തക്കേട്

കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രതിമാസം ജൂലൈ 2019 വരെ 217000/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 416 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വന്നത്. ജൂലൈ 2019ൽ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിനെ തുടർന്ന്, ടാപ്പുകളുടെ എണ്ണം 322 ആയി കുറയുകയും, പ്രതിമാസ വെള്ളക്കരം 140875/- ആയി കുറയുകയും ചെയ്തു. എന്നാൽ KWA യുടെ ബില്ലുകളിൽ തുടർന്നും, Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തി, ഭീമമായ തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2019 ഒക്ടോബർ മാസത്തെ ബിൽ പ്രകാരം,Closing Balance As On 30/9/19 -560342/- രൂപയും, Demand For The Month -140875/- രൂപയും ,Fine-1104/- രൂപയും ചേർത്ത് ആകെ Amount Payable -712264/-രൂ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, ടി മാസം 140875/-രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. ബില്ലുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് KWA യ്ക്ക്പല തവണ കത്തു നൽകിയെങ്കിലും, നടപടി ഒന്നും ഉണ്ടായില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.15ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി ആശയക്കുഴപ്പം പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്,

## 1-32 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | തീയതി |
|---|---|---|---|
| 1 | ജ്ഞാനമ്മ, ഗോപമന്ദിരം, മന്നോട്ടുകോണം | 200000 | 15.04.2019 Rs 40000<br>06.04.20 Rs 160000 |
| 2 | റോസിലി ജറാൾഡ് ,<br>ജിനുഹൌസ്, അമ്പലത്തുമൂല | 200000 | 5.11.2018 Rs 40000<br>11.10.2021 Rs 160000 |

ഗുണഭോക്താക്കൾ പഞ്ചായത്തുമായി ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവനനിർമാണം പൂർത്തിയാക്കേണ്ടതാണ്.

എന്നാൽ ഗുണഭോക്താക്കൾ നാളിതുവരെ വീടുപണി പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം 1 പ്രകാരമുള്ള ഗുണഭോക്താവ് ശ്രീമതി ജ്ഞാനമ്മ മരണപ്പെട്ടതിനാലും അനന്തരാവകാശികൾ ഇല്ലാതിരുന്നതിനാലും തുടർന്ന് നിർമാണ പ്രവർത്തികൾ നടത്താൻ കഴിഞ്ഞില്ലായെന്നും ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 39) വി.ഇ.ഒ മറുപടി നൽകിയിട്ടുണ്ട്.

മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നം 2 പ്രകാരമുള്ള ഗുണഭോക്താവ് ശ്രീമതി റോസിലി ജറാൾഡ് ന്റെ വീടിന്റെ നിർമാണപ്രവർത്തികൾ നടന്നുവരുന്നതായും ഈ സാമ്പത്തിക വർഷം തന്നെ ഭവനനിർമാണം പൂർത്തീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് ( നം 39) മറുപടി ലഭ്യമാക്കി.

ഭവനനിർമാണം പൂർത്തീകരിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-33 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ ക്യാഷ് ബുക്ക് പരിപാലനം തൃപ്തികരമല്ല.

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. വി ഇ ഒ , വരവു ചെലവുകൾ രേഖപ്പെടുത്തുന്ന ഒരു സാധാരണ ബുക്കാണ് ക്യാഷ് ബുക്കായി പരിപാലിച്ചിരിക്കുന്നത്. ഇത് TR.7.A മാതൃക പ്രകാരമുള്ളതല്ല . ജി ഒ (പി) നം 177/2006 ഫിൻ തീയതി 12.04.2006 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7എ കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം .എന്നാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച മുഴുവൻ തുകകളെയും സംബന്ധിച്ച വിവരങ്ങൾ ക്യാഷ് ബുക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഉദാ- വി ഇ ഒ (സൌത്ത് ) സർക്കിൾ സൂക്ഷിച്ചിരിക്കുന്ന കാഷ് ബുക്കിൽ തനത് ഫണ്ട് , ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ഫണ്ട് , സംസ്ഥാനാവിഷ്കൃതഫണ്ട്, ഹഡ്കോവായ്പാ എന്നിവയിൽ നിന്നുള്ള ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല .

പദ്ധതികൾക്കായി ചെലവഴിച്ച മുഴുവൻ തുകകളുടെയും വിശദാംശങ്ങൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടെ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-34 വരവ് - രേഖകൾ ലഭ്യമാക്കിയില്ല

(എ) ധനകാര്യപത്രിക പ്രകാരം Hire Charges Of Ambulance എന്നയിനത്തിൽ 17,900/- രൂപ വരവുണ്ട്. പ്രസ്തുത വരവിനാധാരമായ രേഖകൾ( രസീത് ബുക്ക്, കളക്ഷൻ രജിസ്ററർ ) , ആംബുലൻസിന്റെ ലോഗ്ബുക്ക് മുതലായവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം മുഖേന (നം തീയതി) ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. മേൽ വരവിന്റെ ലെഡ്ജർ ബുക്കിൽ വിവിധ തീയതികളിൽ വ്യത്യസ്ത തുകകൾ രസീത് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ആംബുലൻസിന്റെ വാടക ഈടാക്കുന്നതിന് ബൈലോ തയാറാക്കി അംഗീകാരം നേടേണ്ടതും ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

(ബി) ധനകാര്യപത്രിക പ്രകാരം Restoration Charges For Road Cutting എന്നയിനത്തിൽ 61492/- രൂപ വരവുണ്ട്. പ്രസ്തുത വരവിനാധാരമായ രേഖകൾ, അപേക്ഷകൾ, രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം 40/27.11.2021) .

മതിയായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-35 മരാമത്ത് പ്രവൃത്തികൾ - കാലതാമസത്തിന് പിഴ ഈടാക്കിയില്ല

ഓഡിറ്റ് കാലയളവിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല. ജി.ഒ(പി)13/2012/പി.ഡബ്ല്യഡി/ തീയതി 01.02.2012, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | കരാർ ഒപ്പ് വച്ചത് | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | കാലതാമസം | എം ബുക്ക് | കരാർ തുക | ബിൽ നം തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|---|
| 226/20 | 13.9.2018 | 12.12.2018 | 29.3.2019 | 3മാസം 11 ദിവസം | 504/18-19 | 199691/- | 12/26.9.19 199690/- | 1996 |
| 230/20 | 12.11.2018 | 11.2.2019 | 27.5.2019 | 3മാസം 16 ദിവസം | 538/18-19 | 423612/- | 34000/- 15/11.7.19 82875/- 16/11.7.19 | 4236 |

2. സെലക്ഷൻ നോട്ടീസ് ലഭിച്ച് കഴിഞ്ഞ് നിശ്ചിത സമയത്തിനുള്ളിൽ കരാറുകാർ കരാറിൽ ഏർപ്പെടേണ്ടതാണ്. അല്ലാത്ത പക്ഷം ഒരു ശതമാനം പിഴ ഈടാക്കേണ്ടതാണ്. ഇപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ഒപ്പ് വയ്ക്കേണ്ട തീയതി | കരാർ ഒപ്പ് വച്ചത് | എം ബുക്ക് | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 160/19-20 | 21.8.2019 | 4.9.2019 | 16.9.2019 | 167/19-20 | 441929/- | 4419/- |
| 93/20 | 15.10.2019 | 29.10.2019 | 18.11.2019 | 242/19-20 | 225922/- | 2259/- |
| 103/20 | 15.10.2019 | 29.10.2019 | 18.11.2019 | 241/19-20 | 190152 | 1901/- |
| 137/-20 | 15.10.2019 | 29.10.2019 | 5.12.2019 | 262/19-20 | 282426 | 2824/- |
| 157/19-20 | 21.8.2019 | 4.9.2019 | 26.9.2019 | 67/19-20 | 413563 | 4135/- |
| 226/20 | 23.8/2019 | 6.9.2019 | 13.9.2019 | 504/18-19 | 199691 | 1996/- |

പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-36 ബഡ്സ് സ്കൂൾ പ്രവർത്തനം - ചെലവ് വിവരങ്ങൾ ഹാജരാക്കിയില്ല - 53300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ബഡ്സ് സ്കൂൾ നടത്തിപ്പിനായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതി നടപ്പാക്കി.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനം (281/20) |
| അടങ്കൽ തുക | 500000/- |

| | |
|---|---|
| ഫണ്ടിനം | Own Fund |
| ചെലവ് തുക | 328009/- |
| ചെക്ക് നം/ തീയതി | 2148354/27.1.2020 Rs.100621/-<br>2094664/2.3.2020 Rs.145423/-<br>2204555/17.3.2020 Rs.81965/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

(എ) ഓഡിറ്റിന് ഹാജരാക്കിയ ഫയൽ പ്രകാരമുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവിനം | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|
| ടീച്ചറുടെ വേതനം | 16776 | 12000+4946 | 12000+5802 | 12000 |
| ഹെൽപ്പറുടെ വേതനം | 7500 | 7500 | 7500 | 7500 |
| ആയയുടെ വേതനം | 6000 | 6000 | 6000 | 6000 |
| വാഹന ചെലവ് | 38600 | 38600 | 38600 | - |
| ഭക്ഷണ സാധനങ്ങൾ, ഗ്യാസ്, തുടങ്ങിയവ | 31745 | - | 7275 | 2365 |
| ആകെ | 100621 | 69046 | 77177 | 27865 |

പദ്ധതി നടത്തിപ്പിനായി 328009/- രൂപ പിൻവലിച്ചെങ്കിലും മേൽ പട്ടികയിൽ ചേർത്തിരിക്കും പ്രകാരം 274709/- രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ശേഷിക്കുന്ന 53300/- രൂപയുടെ ചെലവ് വിവരങ്ങളും, ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും ഹാജർ വിവരങ്ങളും പരിശോധനയ്ക്ക് ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണം നം.33, തീയതി : 26.10.2021) ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

(ബി) ബഡ്സ് സ്കൂളിന് വാഹനം വാടകയ്ക്ക് എടുത്തത് - കുറഞ്ഞ ക്വട്ടേഷൻ അംഗീകരിക്കാത്തതിനാൽ അധിക ചെലവ്

മാനസിക വെല്ലുവിളി നേരിടുന്നവരെ ബഡ്സ് സ്കൂളിൽ എത്തിക്കുന്നതിന് വാഹനം വാടകയ്ക്ക് എടുത്തിരിക്കുന്നു. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് അന്വേഷണം മൂലം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ലഭിച്ച ക്വട്ടേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത തുക |
|---|---|---|
| 1 | ശ്രീ. അഗസ്റ്റ്യ ജോൺ | 50 Km ന് 1600/- രൂപയും അത് കഴിഞ്ഞ് ഓരോ കിലോമീറ്ററിനും 19/- രൂപ |
| 2 | ശ്രീ. ശ്യാം ആർ എസ് | പ്രതിമാസം 38600/- , 1000km ന് പുറമേ ഒരു കിലോമീറ്ററിന് 20/- രൂപ |
| 3 | ശ്രീ. രവീന്ദ്രൻ നാടാർ | പ്രതിമാസം 38800/- , 1000km ന് പുറമേ ഒരു കിലോമീറ്ററിന് 20/- രൂപ |

ഇതിൽ ക്ര നം 1 പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തയാൾക്ക് കരാർ നൽകാത്തതിന് കാരണം അറിയിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണം നം.37, തീയതി : 26.10.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടിക പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് കരാർ നൽകിയിരുന്നെങ്കിൽ 1000km ന് 32000/- രൂപ നിരക്കിൽ തുക നൽകിയാൽ മതിയാകുമായിരുന്നു. കരാർ നൽകിയ വ്യക്തി 1000km കഴിഞ്ഞുള്ള ഓരോ കിലോമീറ്ററിനും 20/- രൂപ നിരക്ക് ആവശ്യപ്പെട്ടിടത്ത് കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ 19/- രൂപയാണ്

ആവശ്യപ്പെട്ടിരുന്നത്. പദ്ധതിയുടെ ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അധികം ചെലവായ തുക ഓഡിറ്റിൽ കണ്ടെത്താനായിട്ടില്ല. ആയതിനാൽ ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കാത്തതിനാൽ അധികമായി ചെലവഴിച്ച തുക കണ്ടെത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-37 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിന് ജില്ലാ സഹകരണബാങ്കിലുള്ള ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

| അക്കൗണ്ട് | വാർഷിക കണക്കുകൾ പ്രകാരമുള്ള | |
|---|---|---|
| | മുന്നിരുപ്പ് | നീക്കിയിരുപ്പ് |
| ഡി.സി.ബി. തനത് | 106525 | 1283269 |
| ഡി.സി.ബി. സാക്ഷരത | 6233 | 6233 |

ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/22.11.2021) സാക്ഷരത അക്കൗണ്ട് നാല് വർഷത്തിലധികമായി ഉപയോഗത്തിലില്ലായെന്നും, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയതായും മറുപടി നൽകി. എന്നാൽ സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക നൽകിയില്ല.

ഉപയോഗത്തിലില്ലാത്ത അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക ലഭ്യമാക്കിയ ഏജൻസിക്ക തിരികെ നൽകാവുന്നതും, നിഷ്ക്രിയ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. മേൽ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് ബുക്കുകൾ, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക ലഭ്യമാക്കേണ്ടതാണ്.

## 1-38 ചെക്കുകൾ പണമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിനു ലഭിച്ചതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ 31.3.2020ൽ പണമാക്കാത്തതായി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക |
|---|---|---|
| 119030500377/20.03.2020 | 747364/19.03.2020 | 70120 |
| 11902090084/31.03.2020 | 1/01.06.2020 | 509511 |
| 119030500062/21.08.2019 | 003820/02.04.2019 | 35866 |
| 118030500483/27.03.2019 | 2537/26.03.2019 | 2418 |
| 118030500241/28.01.2019 | 965184/28.01.2019 | 14824 |
| 118030500240/28.01.2019 | 965184/28.01.2019 | 1696 |
| 118030500482/27.03.2019 | 2537/26.03.2019 | 791 |
| 118030500242/28.01.2019 | 965184/28.01.2019 | 24929 |
| 118030500325/12.02.2019 | 6582305/12.02.2019 | 6250 |
| 118030500376/22.02.2019 | 658204/18.02.2019 | 7000 |

മേൽ ചെക്കുകളിൽ ചെക്ക് നം. 965184/28.01.2019 മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ഡിഡി/ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ചെക്ക് നം. 1/01.06.2020 (ചെക്ക് നം. ശരിയല്ല) എന്നത് എം.എൻ.ആർ.ഇ.ജി.എസ്. അക്കൗണ്ടിൽ നിന്നും ചെലവ് രേഖപ്പെടുത്തുന്നതിനു മുൻപേ തന്നെ തനതു അക്കൗണ്ടിലേക്ക് വരവായി ഉൾപ്പെടുത്തിയതാണ്. ബാങ്ക് അക്കൗണ്ടുകൾ പ്രതിമാസം റീകൺസിൽ ചെയ്തു സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പണമാക്കാത്ത ചെക്കുകൾ നിശ്ചിത സമയങ്ങളിൽ കണ്ടെത്തി വരവാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചില്ല.

ചെക്ക് പണമാക്കി മാറ്റാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/24.11.2021) പ്രസ്തുത കാലയളവിലെ ജീവനക്കാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട ശേഷം മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. മേൽ ചെക്കുകൾ എന്ത് ആവശ്യത്തിന് ലഭ്യമായി എന്നത് വ്യക്തമല്ല. മൂന്ന് മാസ കാലയളവിനുള്ളിൽ പണമാക്കുവാൻ സാധിക്കാത്ത ചെക്കുകൾ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടതുകയായി വിലയിരുത്തുന്നു. പണമാക്കുവാൻ കഴിയാത്ത ചെക്കുകൾ ഏതെല്ലാം എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, ബന്ധപ്പെട്ട സ്ഥാപനങ്ങൾ/വ്യക്തികളുമായി ബന്ധപ്പെട്ട് വരുമാനം നഷ്ടമാകാതെ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കേണ്ടതുമാണ്. സാധിക്കാത്തപക്ഷം തുകകൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ട്/ട്രഷറി ഹെഡുകളിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-39 ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂറുകൾ/നിക്ഷേപങ്ങൾ

വാർഷിക കണക്കുകളിലെ B18 ൽ വിവിധ ഹെഡുകളിൽ തുക ക്രമീകരിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ.

എ) 460500201 Deposit With KWA – 6873080/-

സി) 460500202 Advance To Kerala Electricity Board - 9748536/-

ഡി) 460500205 Advance To Public Works Department - 594750/-

മേൽ പ്രകാരം നിക്ഷേപിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/20.11.2021) മറുപടി ലഭ്യമായില്ല. പദ്ധതി തുക പിൻവലിച്ച് വിവിധ സ്ഥാപനങ്ങൾക്ക് മുൻകൂർ ആയി നൽകിയ ശേഷം തുടർ നടപടികൾ സ്വീകരിക്കാത്തതും, പ്രവൃത്തികൾ പൂർത്തിയാക്കി ആസ്തിയാക്കി മാറ്റാത്തതും പദ്ധതി തുകയുടെ ദുർവിനിയോഗമായി തന്നെ പരിഗണിക്കാവുന്ന വീഴ്ചയാണ്. മേൽ സ്ഥാപനങ്ങൾക്ക് വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച നൽകിയിട്ടുള്ള തുകയുടെ വിനിയോഗ രേഖകളും, ഫൈനൽ ബില്ലും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-40 രജിസ്റ്ററുകളുടെ പരിപാലനം ഫലപ്രദമല്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ തനതു വരവുകളുടെ (ഡി&ഒ, തൊഴിൽ നികുതി, വാടക, മാർക്കറ്റ് വരവ്, ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം) ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വരവുകൾ ലഭ്യമാകുന്ന മുറയ്ക്ക് രജിസ്റ്ററിൽ എഴുതിപ്പോരുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളുടെ വിശദാംശം കൃത്യമായി ലഭ്യമാകുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2014 മുതലുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഡെപ്പോസിറ്റുകൾ റീഫണ്ട് ചെയ്തത്/തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് വകയിരുത്തിയിട്ടില്ല.

അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ്/നിക്ഷേപ പ്രവൃത്തികൾക്കായി തൻവർഷം ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

രജിസ്റ്ററുകൾ യഥാവിധി പരിപാലിച്ച് വരവ്, ചെലവുകൾ കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കേണ്ടതാണ്.

## 1-41 ക്വാട്ട് ചെയ്ത നിരക്കിലും അധികമായി തുക അനുവദിച്ചു - 35000/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. 326/20 പി.എച്ച്.സി.യിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ

ഫണ്ടിനം - ധനകാര്യകമ്മിഷൻ അവാർഡ്

അടങ്കൽ തുക - 300000/-

ചെലവ് തുക - 66500/-

ബിൽ നം./തീയതി - 30/06.03.2020- 35000/-(തുക എച്ച്.എം.സി. അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം ചെക്ക് ആയി അനുവദിച്ചു)

36/13.03.2020 - 31500/-

നിർവഹണാധികാരി - മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് കേബിൻ സെപ്പറേഷൻ, കബോർഡിങ്, പാർട്ടീഷൻ, പെയിന്റിംഗ്, സീലിങ്, ഇലക്ട്രിഫിക്കേഷൻ, മെയിന്റനൻസ് ജോലികൾ എന്നിവയ്ക്കായി തയ്യാറാക്കിയ പദ്ധതി പ്രകാരം 2019-20 ൽ ആശുപത്രി കെട്ടിടങ്ങളിലെ ജനലുകൾ, ഡോറുകൾ, റൂം പാർട്ടീഷൻ എന്നിവിടങ്ങളിൽ കർട്ടൻ ഇടുന്നതിനായി 66500/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിലേക്കായി 06.12.2019 ൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ വിഷ്ണു ആർ, കാർത്തിക അലുമിനിയം ഫാബ്രിക്കേഷൻ എന്ന സ്ഥാപനം മറ്റീരിയലും ലാബർ ചാർജ്ജും ഉൾപ്പെടെ 35000/- രൂപ എന്ന നിരക്ക് ക്വാട്ട് ചെയ്തിരുന്നു. പ്രസ്തുത നിരക്ക് അംഗീകരിച്ച് 16.12.2019 ൽ ടിയാൾക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ ഇതേ ആവശ്യത്തിലേക്കായി 35000/- രൂപ (ചെക്ക് നം. 309872) ശരത് ലാൽ എസ്.ജെ. എന്ന വ്യക്തിക്കും, 31500/- രൂപ (ബിൽ നം. 36/30.03.2020) പ്രകാരം പിൻവലിച്ച് വിഷ്ണു ആർ നം അനുവദിച്ചു. ശ്രീ.ശരത്‌ലാൽ എന്ന വ്യക്തിയ്ക്ക് 35,000/- രൂപ അനുവദിച്ചതിനുള്ള സാഹചര്യം വ്യക്തമല്ല. അധിക ചെലവിനു വിശദീകരണം ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/27.11.2021) പരാമർശത്തിനു മറുപടി തുടർന്ന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ അംഗീകൃത ക്വട്ടേഷനിൽ നിന്നും വ്യതിചലിച്ച് ശ്രീ.ശരത് ലാലിന് നൽകിയ 35000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. പരാമർശത്തിന് രണ്ടു മാസകാലയളവിനുള്ളിൽ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്തപക്ഷം നഷ്ടതുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-42 മരുന്നു/ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ പദ്ധതികളിലെ അപാകതകൾ- 5,10,002/- രൂപ തടസ്സം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) നിർവഹണാധികാരിയായ വിവിധ മരുന്ന് /ലാബ് റീഏജന്റ് വാങ്ങൽ പദ്ധതികളിലെ അപാകതകൾ ചുവടെ.

എ) പ്രോജക്ട് നം.41/20 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ലാബ് റീ ഏജന്റും ലാബ് ഉപകരണങ്ങളും വാങ്ങൽ

ഫണ്ടിനം - മെയിന്റനൻസ് റോഡിതരം

അടങ്കൽ തുക - 250000/-

ചെലവ് തുക - 100000/-

ബിൽ നം - 8/07.08.2019

പദ്ധതിക്കായി ഇൻഹൌസ് ഡ്രഗ് ബാങ്ക് ലഭ്യമാക്കിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. സാധനം വാങ്ങിയതിനുള്ള അസ്സൽ ബില്ല്, രസീത്, സാധനം സ്റ്റോക്കിലെടുത്തതിനുള്ള രേഖകൾ, മോണിട്ടറിംഗ് സമിതിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമായില്ല. അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 36/26.11.2021) പരാമർശത്തിന് മറുപടി തുടർന്ന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. മറുപടി/രേഖകളുടെ അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ബി) പ്രോ. നം. 37/20 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ പദ്ധതി

അടങ്കൽ തുക - 250000 (തനതു ഫണ്ട് )

700000 (മെയിന്റനൻസ് റോഡിതരം)

ചെലവ് തുക - 250000 (ചെക്ക് നം. 0628455/06.06.2019 – 1,00,000/-

ചെക്ക് നം. 552120/03.2020 - 1,50,000/-)

ബിൽ നം - 8/07.08.2019 - 6,00,000/-

മേൽ ചെലവിൽ 03/2020 ൽ നൽകിയ 150000/-രൂപയുടെ ചെലവ് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല. ഇൻഹൌസ് ഡ്രഗ് ബാങ്ക് ലഭ്യമാക്കിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂർ അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. മരുന്ന് വാങ്ങുന്നതിന് മുൻകൂർ ആയി തുക നൽകുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ നിലവിലില്ലാത്തതാണ്. മുൻകൂറായി തുക അനുവദിച്ചപ്പോൾ മരുന്ന് നിശ്ചിത സമയത്ത് ലഭ്യമാക്കുന്നതിനായി സ്ഥാപനവുമായി കരാർ ചമച്ചില്ല.

13.06.2019 മുതൽ 16.03.2020 വരെയുള്ള കാലയളവിൽ ആകെ 8,50,000/- രൂപയുടെ മരുന്നുകൾ ലഭ്യമായെങ്കിലും, ഇതു ഏതു പേമെന്റ് പ്രകാരമുള്ളതെന്നു വ്യക്തമല്ല. ഇൻഹൌസ് ഡ്രഗ് ബാങ്കിന്റെ സാമ്പത്തിക വർഷത്തെ ആദ്യബില്ലിൽ(13.06.2019ലെ) Advance Paid Amount 7588581/- എന്നും അവസാനബില്ലിൽ (16.03.2020) Balance In Hand Against Advance 22159.95 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. 13.06.2019 ന മുൻപായി തൻവർഷ പദ്ധതി പ്രകാരം

1,00,000/- രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. അഡ്വാൻസ് തുക 8,50,000/-രൂപ എന്ന രേഖപ്പെടുത്തിയിട്ടുള്ളത് വിശദമാക്കുവാൻ നിർവഹണാധികാരിക്ക് സാധിച്ചില്ല. മരുന്ന് സ്റ്റോക്കിലെടുത്തതിനുള്ള രേഖകൾ (ഫാർമസി സ്റ്റോക്ക് രജിസ്റ്റർ) ലഭ്യമായില്ല. ബില്ലുകളിൽ സാധനം സ്റ്റോക്കിലെടുത്തത് സംബന്ധിച്ച സ്റ്റോക്ക് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമായില്ല. അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 36/26.11.2021) പരാമർശത്തിന് മറുപടി തുടർന്ന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് അടിയന്തിരമായി മറുപടി ലഭ്യമാക്കേണ്ടതാണ്.

സി) പ്രോ.നം. 40/20പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ഇ.സി.ജി. സാധനങ്ങൾ വാങ്ങൽ

ഫണ്ടിനം - മെയിന്റനൻസ് റോഡിതരം

അടങ്കൽ തുക - 25000

ചെലവ് തുക - 10002

ബിൽ നം - 8/07.08.2019

സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സിനെ ആധാരമാക്കി മുൻകൂർ ആയാണ് തുക അനുവദിച്ചിട്ടുള്ളത്. സാധനങ്ങൾ ലഭ്യമായതിനുള്ള അസ്സൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ലഭ്യമായില്ല. അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 36/26.11.2021) പരാമർശത്തിന് മറുപടി തുടർന്ന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. മറുപടി/രേഖകളുടെ അഭാവത്തിൽ 10,002/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ഡി) പ്രോ.നം. 38/20 പാലിയേറ്റീവ് കെയർ വൃദ്ധർ

ഫണ്ടിനം - വികസനഫണ്ട്

അടങ്കൽ തുക - 660000

ചെലവ് തുക - 607350

ബിൽ നം - 3/18.05.2019 - 15000/-

4/24.05.2019 - 181368/-

5/18.06.2019 - 15000/-

6/19.07.2019 - 15000/-

9/17.08.2019 - 15000/-

10/16.09.2019 - 16200/-

12/05.10.2019 - 15000/-

15/07.11.2019 - 9750/-

16/20.11.2019 - 15000/-

18/19.01.2020 - 15000/-

20/14.01.2020 - 15000/-

23/12.02.2020 - 218632/-

25/12.02.2020 - 15000/-

31/06.03.2020 - 19000/-

33/06.03.2020 - 10000/-

37/13.03.2020 - 15000/-

38/24.03.2020 - 2400/-

പദ്ധതി ചെലവിൽ ബിൽ നം. 4/24.05.2019 പ്രകാരം അനുവദിച്ച 181368/- രൂപയും, ബിൽ നം. 23/12.02.2020 പ്രകാരം അനുവദിച്ച 218632/- രൂപയും ഇൻഹൌസ് ഡ്രഗ് ബാങ്കിന് കൈമാറിയതാണ്. എന്നാൽ സാധനം ലഭ്യമായതിനുള്ള അസ്സൽ ബില്ല്, രസീത്, സാധനം സ്റ്റോക്കിലെടുത്തതിനുള്ള രേഖകൾ എന്നിവ ഫയലിൽ ലഭ്യമായിരുന്നില്ല.

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/27.11.2021) മറുപടി ലഭ്യമായില്ല. മറുപടി/രേഖകളുടെ അഭാവത്തിൽ ഇൻഹൌസ് ഡ്രഗ് ബാങ്കിന് കൈമാറിയ 4,00,000/- ( 181368+ 218632) രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

രേഖകളുടെ അഭാവത്തിൽ എ, സി, ഡി എന്നീ പദ്ധതികളിലായി ചെലവ് ചെയ്ത 5,10,002/- രൂപ (100000 + 10002 + 400000) തടസ്സം ചെയ്യുന്നു.

## 1-43 കൊതുക്, ചെള്ള് നിയന്ത്രണ പരിപാടി അപാകങ്ങൾ

പ്രോജക്ട് നം. 43/20 കൊതുക്, ചെള്ള് നിയന്ത്രണ പരിപാടി

ഫണ്ടിനം - വികസനഫണ്ട്

അടങ്കൽ തുക - 75000

ചെലവ് തുക - 56400/-

ബിൽ നം./തീയതി - 11/25.09.2019 - 12000/-

13/07.11.2019 - 12600/-

26/15.02.2020- 31800/-

നിർവഹണാധികാരി - മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്ത് കീടനാശിനി തളിക്കുന്നതിലേക്കായി 94 ദിവസത്തേക്കായി 600/- രൂപ നിരക്കിൽ ശ്രീ. തങ്കപ്പൻ എസ് എന്ന വ്യക്തിക്ക അനുവദിച്ചിട്ടുണ്ട്. ഫോഗിംഗിനായുള്ള യന്ത്രം, കീടനാശിനി എന്നിവ പി.എച്ച്.സി.യാണ് നൽകിയത്. പ്രവൃത്തിക്കായി ശ്രീ. തങ്കപ്പനെ തെരഞ്ഞെടുത്ത രീതി, പ്രസ്തുത നിരക്ക് അനുവദിച്ചതിനുള്ള മാനദണ്ഡം, ഭരണസമിതി തീരുമാനങ്ങൾ എന്നിവ ലഭ്യമല്ല. പദ്ധതി നിർവഹണം സംബന്ധിച്ച് ആരോഗ്യം മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/26.11.2021) പദ്ധതിയുമായി ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതി റിപ്പോർട്ടും, ക്വട്ടേഷൻ രേഖകളും തുടർന്ന് ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. രേഖകൾ/വിശദീകരണം ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-44 മാനസിക/ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധികം തുക നൽകി

മാനസിക/ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതികൾ നടപ്പാക്കി സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

| പദ്ധതിയുടെ പേരും നമ്പരും | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (12/20) | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (14/20) |
|---|---|---|
| അടങ്കൽ തുക | 1015250/-<br>257625/-<br>257625/- | 250000/- |
| ഫണ്ടിനം | General Fund, Block Share, Dist. Share | General Fund |
| ചെലവ് തുക | 1530500/- | 183900/- |
| ബിൽ/ ചെക്ക് നം, തീയതി | 11/21.1.2020 464000/-<br>12/ 21.1.2020 394000/-<br>14/12.3.2020 157250/-<br>17/30.3.2020 257625/-<br>257625/- Cheque No 2094668/4.3.2020 ( Try Vizhinjam) | 13/13.3.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ |

(എ) മാനസിക വെല്ലുവിളി നേരിടുന്നവരിൽ 18 വയസ്സിന് താഴെ പ്രായമുള്ളതും സ്കൂളിൽ പോകുന്നതുമായ കുട്ടികൾക്ക് യാത്രാ കൂലി ഉൾപ്പെടെ 23000/- രൂപയും ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്ക് 12000/- രൂപയും സ്കോളർഷിപ്പായി വിതരണം ചെയ്യുന്നതിന് ഭരണസമിതി തീരുമാനം എടുത്തതായി 25.11.2021 ലെ ഓഡിറ്റ് എൻക്വയറി 26, 27

എന്നിവയുള്ള മറുപടിയിൽ അറിയിച്ചു. എന്നാൽ നന്ദന എസ് എസ് എന്ന ഗുണഭോക്താവിന് രണ്ട് പ്രാവശ്യം സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. ബിൽ നം 11/21.1.2020, 17/30.3.2020 എന്നിവ പ്രകാരം യഥാക്രമം 257625/- രൂപ , 464000/- രൂപ എന്നിങ്ങനെ തുക പിൻവലിച്ച വേളയിൽ രണ്ട് പ്രാവശ്യം 23000/- രൂപ വീതം 46000/- രൂപ സ്കോളർഷിപ്പ് നൽകിയിരിക്കുന്നു.

(ബി) കൂടാതെ ഗോവർധിനി ജി എസ് എന്ന ഗുണഭോക്താവിന് മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്നിങ്ങനെ രണ്ട് വിഭാഗത്തിലും ഉൾപ്പെടുത്തി 29000/- രൂപ (23000 + 6000 ) നൽകിയിരിക്കുന്നു.

ഈ രണ്ട് ഗുണഭോക്താക്കൾക്കും തുക അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത വിഷയം പരാമർശിക്കാതെയുള്ള മറുപടിയാണ് ലഭ്യമാക്കിയത്. അധികം നൽകിയ തുക സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | ഹരിതഭവനം-വീടുകൾ ഹരിത ഭവനമാക്കൽ | 224000 | 63000 |
| | | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (എസ്.സി.) | 160774 | 160774 |
| | | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 257625 | 257625 |
| | | ഭവനനിർമ്മാണം ജനറൽ -ലൈഫ് | 2418 | 2418 |
| | | ക്ഷീരസമൃദ്ധി പാലിന് ഇൻസന്റീവ് നൽകൽ | 200000 | 0 |
| | ആകെ | | 844817 | 483817 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (എസ്.സി.) | 305243 | 139226 |
| | | സ്നേഹസ്പർശം മാനസിക | 257625 | 257625 |

| | | | | |
|---|---|---|---|---|
| | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | | ഭവനനിർമ്മാണം ജനറൽ ലൈഫ് - | 791 | 791 |
| | | ക്ഷീരസമൃദ്ധി പാലിന് ഇൻസന്റീവ് നൽകൽ | 100000 | 100000 |
| | ആകെ | | 663659 | 497642 |

വാർഷിക കണക്കുകൾ പ്രകാരം

| | 18-19 B4ഷെഡ്യൂൾ പ്രകാരം മുന്നിരുപ്പ് | 19-20 RP7, RP31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | 19-20 B4ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 183592 | 320625 | 504217 | 483817 | 20400 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 867192 | 583000 | 1450192 | 497642 | 727175 |

സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളും വാർഷിക കണക്കുകൾ പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വ്യത്യാസം പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 2/20 | 126000 | 0 | 126000 |
| 2 | കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(സ്പിൽ ഓവർ) 199/20 | 222946 | 0 | 222946 |
| 3 | കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(സ്പിൽ ഓവർ) 201/20 | 19940 | 0 | 19940 |
| | ആകെ | | 368886 | 0 | 368886 |
| 4 | കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ 3/20 | 1460640 | 0 | 1460640 |
| 5 | കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (സ്പിൽ ഓവർ)190/20 | 133944 | 0 | 133944 |
| 6 | കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് 86/20 | 282854 | 0 | 282854 |
| 7 | കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (സ്പിൽ ഓവർ)190/20 | 133944 | 0 | 133944 |
| | ആകെ | | 2011382 | 0 | 2011382 |

| | 18-19 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 19-20 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 7997564 | 2011382 | 10008946 | 0 | 9748536 |

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | 6727140 | 368886 | 7096026 | 0 | 6873080 |
| പി.ഡബ്ല്യു.ഡി. | 594750 | 0 | 594750 | 0 | 594750 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | സ.ഉ.(എം.എസ്) നം. 68/18 തസ്വഭവ തീയതി 18.05.2018 | 10824685 | 23807761 | 2191176 | | 32441270 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

വിശദാംശങ്ങൾ ലഭ്യമായില്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

വിശദാംശങ്ങൾ ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 12,43,72,511 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,45,40,585 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,98,302 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഖണ്ഡിക1-36- | 53,300 | ലത.എICDS സൂപ്പർവൈസർ |
| ഖണ്ഡിക1-41 | 35,000 | ചിന്താസുകുമാരൻ ,മെഡിക്കൽ ഓഫീസർ,FHC |
| ഖണ്ഡിക1-42 | 5,10,002 | ചിന്താസുകുമാരൻ,മെഡിക്കൽ ഓഫീസർ,FHC |
| ആകെ | 5,98,302 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലത.എICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് | ലത.എ, ICDS സൂപ്പർവൈസർ ആര്യഭവൻ, Annyorkuzhi കല്ലിയൂർ.പി.ഒ |
| ഡോ.ചിന്താസുകുമാരൻ, മെഡിക്കൽ ഓഫീസർ, FHC | മെഡിക്കൽ ഓഫീസർ, FHC | ഡോ.ചിന്താസുകുമാരൻ, മെഡിക്കൽ ഓഫീസർ, FHC TS19/302(3) VPS 324 വട്ടവിള, തിരുമല.പി.ഓ. |

## 4-10 തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4 /1130/, തീയതി, 22.06.2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4 /1130/, തീയതി, 22.06.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4 /1130/, തീയതി, 22.06.2018 | 8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4 /1130/, തീയതി, 22.06.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4 /1130/, തീയതി, 22.06.2018 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 2003/16തീയതി.21.11.16 | 8 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1639/2017 തീയതി 16.08.2017 | 16 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 2349/2019 തീയതി 15.03.2019 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ /20 തീയതി | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്